VOL NO: 04 | ISSUE 33
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 AUGUST 15 | 1441 DHUL HIJJAH 25 | ₹12

വാരിക



## രാമക്ഷേത്ര രാഷ്ട്രീയം: ഭാവി ഇന്ത്യയുടെ ചൂണ്ടുപലകയോ?

ബാബരി മസ്ജിദ് നിലനിന്നിരുന്ന ഭൂമിയിൽ നടന്ന രാമക്ഷേത്ര നിർമാണത്തിന്റെ ശിലാന്യാസത്തിലും ഭൂമിപൂജയിലും പ്രധാനമന്ത്രിയും ഗവർണറും മുഖ്യമന്ത്രിയുമെല്ലാം പങ്കെടുത്തത് രാജ്യത്തിന്റെ മതനിരപേക്ഷതക്ക് കടകവിരുദ്ധമാണ്. മസ്ജിദ് പൊളിച്ചത് കൊടിയ അക്രമമാണെന്ന കോടതി പരാമർശം എന്നും ഓർക്കേണ്ടതുണ്ട്. രാമക്ഷേത്ര ചർച്ചകൾ സജീവമാക്കി ഭാവി ഇന്ത്യയുടെ രാഷ്ട്രീയത്തെ ഹിന്ദുത്വ വികാരത്തിലൂടെ പുനർ നിർണയിക്കാനുള്ള ശ്രമങ്ങളെ ബുദ്ധിപരമായി പ്രതിരോധിക്കാനാണ് ന്യൂനപക്ഷ-മതേതര വിഭാഗങ്ങൾ ശ്രമിക്കേണ്ടത്.

ആശങ്കയുണർത്തി ആഗസ്റ്റ് വീണ്ടും
അവഗണിക്കപ്പെടുന്ന അറബിഭാഷ
ദേശീയ വിദ്യാഭ്യാസ നയം: പ്രായോഗികരംഗത്തെ പ്രതിസന്ധികൾ

## ദുരന്ത ഭൂമിയിലെ മാനവിക മൂല്യങ്ങൾ

വർഗീയവിഷം പേറുന്ന മനുഷ്യക്കോലങ്ങൾ മാനുഷിക മൂല്യങ്ങളെ തമസ്കരിക്കുന്ന ആധുനിക കാലത്ത് ദുരന്തഭൂമികൾ നൽകുന്ന സന്ദേശം വളരെ വലുതാണ്. അപകടഭൂമിയിൽ ജീവൻ തൃണവൽഗണിച്ച് രക്ഷാപ്രവർത്തനം നടത്തിയ കേരളത്തിലെ കരുണവറ്റാത്ത മാനവികഹൃദയങ്ങൾ രാജ്യത്തിന്റെ പ്രതീക്ഷയും പ്രത്യാശയുമാണ്.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0187 / 2020 ആഗസ്ത് 15 / 1441 ദുൽഹിജ്ജ 25 / പുസ്തകം 04 / ലക്കം 33



# രാമക്ഷേത്ര രാഷ്ട്രീയം: ഭാവി ഇന്ത്യയുടെ ചൂണ്ടുപലകയോ?

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
ക്ഷീരമുള്ളൊരകിടിൽ ചുവട്ടിലും... / 05

**ജാലകം**
കുരങ്ങും കുരുവിയും / 06
- സി

**ക്വുർആൻ ദർശനം**
ജുമുഅ,
ഭാഗം 3 / 23
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**കാഴ്ച**
ആശങ്കയുണർത്തി ആഗസ്റ്റ് വീണ്ടും / 34
ഇബ്‌നു അലി എടത്തനാട്ടുകര

**ലേഖനം**
അവഗണിക്കപ്പെടുന്ന അറബിഭാഷ / 07
ടി.കെ.അശ്‌റഫ്

മനുഷ്യന്റെ മുഖ്യശത്രു / 18
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

ശൈഖ് ദിയാഉർറഹ്‌മാൻ അഅ്ദ്വമി: ഉമറാബാദിൽനിന്നും മദീനയിലേക്ക് വളർന്ന പണ്ഡിത വിസ്മയം / 21
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ദേശീയ വിദ്യാഭ്യാസ നയം: പ്രായോഗികരംഗത്തെ പ്രതിസന്ധികൾ / 26
റശീദ് കുട്ടമ്പൂർ

ദുരന്തഭൂമിയിലെ മാനവിക മൂല്യങ്ങൾ / 30
നബീൽ പയ്യോളി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




### ധൂർത്ത് വെടിയുക

മനുഷ്യൻ ഒരു സമൂഹജീവിയാണ്. അവന്റെ നിലനിൽപിന് ആവശ്യമായ എല്ലാ വസ്തുക്കളും അല്ലാഹു നൽകിയിട്ടുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എല്ലാം. പക്ഷേ, ഒന്നിലും അമിതവ്യയം പാടില്ല. അമിതവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

എന്താണ് അമിതവ്യയം അല്ലെങ്കിൽ ധൂർത്ത്? പലരുടെയും വിചാരം പണം, ഭക്ഷണം ഇവ കൂടുതൽ ചെലവഴിക്കുന്നത് മാത്രമാണ് ധൂർത്ത് എന്നാണ്. എന്നാൽ വിശ്വാസിക്ക് ഒരു രംഗത്തും ധൂർത്ത് പാടില്ല. ഏത് വിഷയത്തിലും അല്ലാഹു നിശ്ചയിച്ച അതിരു ലംഘിക്കുന്നതാണ് ധൂർത്ത്.

വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു: "നിങ്ങൾക്ക് നാം തന്നിട്ടുള്ള വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിൽ നിങ്ങൾ അതിരുകവിയരുത്. (നിങ്ങൾ അതിരുകവിയുന്ന പക്ഷം) എന്റെ കോപം നിങ്ങളുടെമേൽ വന്നിറങ്ങുന്നതാണ്. എന്റെ കോപം ആരുടെമേൽ വന്നിറങ്ങുന്നുവോ അവൻ നാശത്തിൽ പതിച്ചു" (20:81).

നമ്മുടെ നാടുകളിൽ നടക്കുന്ന വിവാഹസൽക്കാരമെടുത്താൽ ഏതൊക്കെ കാര്യങ്ങളിലാണ് ധൂർത്ത് ഇല്ലാത്തത് എന്ന് കണ്ടുപിടിക്കലായിരിക്കും എളുപ്പം. പലപ്പോഴും ബാക്കിവരുന്ന ഭക്ഷണം കുഴിച്ചുമൂടാറുണ്ട്! (ഈ കോവിഡ് കാലത്ത് ഏതായിരുന്നാലും എല്ലാറ്റിലും ഒരു നിയന്ത്രണമുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല).

ആളുകൾ ധൂർത്തടിക്കുന്നത് അഹങ്കാരപ്രകടനത്തിന്റെ ഭാഗമാണ്. വിവാഹ സൽക്കാരങ്ങളിൽ ഇത് നാം കാണുന്നു. അവിടെ കിടമത്സരമാണ് നടക്കാറുള്ളത്. അവൻ ഉണ്ടാക്കിയ വിഭവങ്ങളെക്കാളും രണ്ടെണ്ണമെങ്കിലും കൂടുതൽ എനിക്ക് ഉണ്ടാക്കണം എന്ന മത്സരബുദ്ധി.

ധൂർത്ത് ആപേക്ഷികമാണ്. എനിക്ക് ധൂർത്താകുന്നത് മറ്റൊരാൾക്ക് ധൂർത്താകണമെന്നില്ല. ഓരോരുത്തരുടെയും സാമ്പത്തിക ശേഷിക്കനുസരിച്ചാണ് ഒരു കാര്യം ധൂർത്താണോ അല്ലയോ എന്ന് തീരുമാനിക്കപ്പെടുക. കോടിക്കണക്കിന് രൂപ വരുമാനമുള്ള ഒരാൾ തന്റെ മകളുടെ വിവാഹസദ്യക്ക് ഒരുപാടുപേരെ വിളിക്കുന്നതും ഒരു സാധാരണക്കാരൻ അതുപോലെ ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒന്നാമത്തേത് ധൂർത്താണെന്ന് നമുക്ക് ഒറ്റയടിക്ക് പറയാൻ പറ്റില്ല. കഴിവുള്ളവരെല്ലാം അങ്ങനെ ചെയ്യണമെന്നല്ല ഇപ്പറഞ്ഞതിനർഥം. എന്നാൽ അയാൾ ഭക്ഷണം പാഴാക്കിക്കളയുന്നുവെങ്കിൽ അത് തെറ്റുതന്നെയാണ്.

ധനം ചെലവഴിക്കുമ്പോൾ അമിതമാവരുത്, എന്നാൽ പിശുക്കിപ്പിടിക്കുകയും ചെയ്യരുത്. മധ്യമ നിലപാട് സ്വീകരിക്കണം. ദാനം ചെയ്യുമ്പോൾ ഉള്ളത് മുഴുവൻ ചെയ്യരുത്. കുടുംബത്തിന് കരുതിവെക്കണം. ഒരിക്കൽ സഅദ്ബ്നു അബീ വക്വാസ് അംഗശുദ്ധി (വുദൂഅ്) വരുത്തുമ്പോൾ റസൂൽﷺ ചോദിച്ചു, നിങ്ങളെന്തേ ധൂർത്ത് കാണിക്കുന്നതെന്ന്. അല്ലാഹുവിന്റെ റസൂലേ, വുദൂഇലും ധൂർത്തോ എന്ന് അദ്ദേഹം തിരിച്ചു ചോദിച്ചു. അതിന് നബിﷺ നൽകിയ മറുപടി 'നിങ്ങൾ നദിയിൽ നിന്ന് വുദൂഅ് ചെയ്താലും വെള്ളം അമിതമായി ഉപയോഗിക്കരുത്' എന്നായിരുന്നു!

മതരംഗത്തും ഭൗതിക രംഗത്തും അതിരുകവിയാൻ പാടില്ല. പലിശയും വ്യഭിചാരവും സ്വവർഗരതിയും മദ്യപാനവും ചൂതാട്ടവുമടക്കമുള്ള തിന്മകളെല്ലാം മതത്തിന്റെ അതിരുകൾ ലംഘിക്കലാണ്. നിഷിദ്ധ മാർഗത്തിൽ ഉപയോഗിക്കുന്ന ധനം ധൂർത്തിന്റെ ഗണത്തിൽ പെടുന്നു. പുരുഷന്റെ വസ്ത്രം നെരിയാണിക്ക് താഴെയിറങ്ങുന്നതിൽ പോലും ധൂർത്തുണ്ട്.

'അല്ലാഹുവേ, ദാരിദ്ര്യത്തിലും സമ്പത്തുള്ളപ്പോഴും മിതത്വം പാലിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമേ' എന്ന് നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു.

"കുടുംബബന്ധമുള്ളവന്ന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്തുകളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 17:26,27).

**-മജീദ് ബസ്താക്ക്, കണ്ണൂർ**

മുഖമൊഴി

# ക്ഷീരമുള്ളൊരകിടിൽ ചുവട്ടിലും...

ഉദാത്തമായ മനുഷ്യസ്നേഹം കാണിക്കുന്ന മലയാളികൾക്കിടയിൽ ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന മനസ്സിനുടമകളായ ചിലരെ തുറന്നുകാണിക്കുന്നതായിരുന്നു വിമാന ദുരന്ത വാർത്തകൾക്കു പിറകെ സാമൂഹ്യമാധ്യമങ്ങളിൽ അവർ എഴുതിവിട്ട ചില കമന്റുകൾ. വാസ്തവത്തിൽ അത് അവരുടെ കുറ്റമല്ല; അവരുടെ പ്രത്യയശാസ്ത്രമാണ് അതിന്റ ഉത്തരവാദി.

**കോ**വിഡ്-19ന്റെ പിടിയിലമർന്ന ലോകം അക്ഷരാർഥത്തിൽ വിലപിക്കുകയാണ്. ഇതിൽനിന്ന് എന്ന് പരിപൂർണമായ മോചനം ലഭിക്കും? മോചനം ലഭിക്കില്ലേ? അറിയില്ല! ശാസ്ത്രലോകം മരുന്ന് കണ്ടുപിടിക്കുന്നതിനുള്ള നിതാന്തമായ പരിശ്രമത്തിലാണ്. ചില കോണുകളിൽനിന്ന് മരുന്ന് കണ്ടെത്തിയതായുള്ള വാർത്തകൾ വരുന്നുണ്ടെങ്കിലും ആഗോളതലത്തിൽ അംഗീകൃതവും വിശ്വാസയോഗ്യവുമായ മരുന്ന് ഇതുവരെയും കണ്ടെത്തിയിട്ടില്ല എന്നാണ് അറിയാൻ കഴിയുന്നത്.

ജനലക്ഷങ്ങളുടെ ജീവൻ നഷ്ടപ്പെടുവാൻ കാരണമായ കൊറോണ വൈറസ് പടർന്നുപിടിച്ചുകൊണ്ടേയിരിക്കുമ്പോഴാണ് നമ്മുടെ നാട്ടിൽ മഴക്കാല കെടുതിയും വന്നെത്തിയിരിക്കുന്നത്. ഉരുൾപൊട്ടലിൽ മണ്ണിനടിയിലായ മനുഷ്യരെ കണ്ടെത്താനുള്ള തീവ്രപരിശ്രമത്തിനിടയിലാണ് സങ്കടക്കടൽതീർത്ത് വിമാനാപകടം സംഭവിച്ചിരിക്കുന്നത്. ഉരുൾപൊട്ടൽ ദുരന്തത്തിലും വിമാനാപകടത്തിലും അകപ്പെട്ടവരുടെ ജീവൻ രക്ഷിക്കാനായി മനുഷ്യസ്നേഹികൾ കാണിച്ച ത്യാഗസന്നദ്ധതയെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല.

ഉദാത്തമായ മനുഷ്യസ്നേഹം കാണിക്കുന്ന മലയാളികൾക്കിടയിൽ ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന മനസ്സിനുടമകളായ ചിലരുമുണ്ടെന്ന് വ്യക്തമാക്കുന്നതായിരുന്നു വിമാന ദുരന്തവാർത്തകൾക്കു പിറകെ സാമൂഹ്യമാധ്യമങ്ങളിൽ അവർ എഴുതിവിട്ട ചില കമന്റുകൾ. വാസ്തവത്തിൽ അത് അവരുടെ കുറ്റമല്ല; അവർ എതൊരു പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളാണോ ആ പ്രത്യയശാസ്ത്രമാണ് അതിന്റ ഉത്തരവാദി. പകയുടെയും വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും വിഷം മാത്രം വമിപ്പിക്കുന്ന പ്രത്യയശാസ്ത്രത്തിന് മറ്റൊന്നും പ്രസരിപ്പിക്കാനാവില്ലല്ലോ.

വിശ്വാസികളോട് അല്ലാഹു പറയുന്നത് അവൻ പല വിധത്തിൽ പരീക്ഷിക്കുമെന്നും അതിൽ ക്ഷമിക്കാൻ കഴിയണമെന്നുമാണ്. ക്ഷമിക്കുന്നവർക്ക് ആത്യന്തികമായി പരീക്ഷണങ്ങൾ ഗുണമായി ഭവിക്കും. എല്ലാം അല്ലാഹുവിങ്കൽനിന്നാണെന്ന് മനസ്സിലാക്കുകയും അതിൽ തൃപ്തിയടയുകയും അതിന്ന് കീഴൊതുങ്ങുകയും ചെയ്യുന്നതോടൊപ്പം നിരാശ, കോപം മുതലായവയിൽനിന്ന് നാവിനെയും ശരീരത്തെയും നിയന്ത്രിക്കുകയും ചെയ്യുവാൻ വിശ്വാസിക്ക് കഴിയണം. അത് ദൗർബല്യമല്ല; കരുത്തിന്റെ അടയാളമാണ്.

വിധിയിലുള്ള വിശ്വാസത്തിന്റെ സദ്ഫലമാണ് പ്രയാസഘട്ടങ്ങളിൽ ക്ഷമിക്കാൻ കഴിയുക എന്നത്. ഒരു വ്യക്തി പരീക്ഷണങ്ങളിൽ ക്ഷമിക്കുന്നില്ല എങ്കിൽ വിധിയിലുള്ള വിശ്വാസമില്ലായ്മയോ അല്ലെങ്കിൽ വിശ്വാസ ദൗർബല്യമോ ആണ് അത് സൂചിപ്പിക്കുന്നത്.

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ"(ക്വുർആൻ 2:155-157).

-സി.
mail@nerpatham.com



# കുരങ്ങും കുരുവിയും

**നാം** ചരിത്രം സൃഷ്ടിക്കുന്നില്ലെങ്കിൽ ചരിത്രം നമ്മെ സൃഷ്ടിക്കുമെന്നത് ഒരു പ്രാപഞ്ചികയാഥാർഥ്യമാണ്. ചരിത്രം സ്വയം സൃഷ്ടിക്കാത്ത പൂർവിക സമൂഹങ്ങളുടെ ചരിത്രം മറ്റുള്ളവർ അവരവരുടെ കാഴ്ചപ്പാടുകളനുസരിച്ച് മെനഞ്ഞുണ്ടാക്കി. എന്നാൽ സ്വന്തം ചരിത്രം സൃഷ്ടിച്ചവർക്ക് എന്നും കാലത്തെ അതിജീവിച്ചു നിലനിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. അജ്ഞതാന്ധകാരകാലത്തെ വകഞ്ഞുമാറ്റി മുന്നേറാൻ മുസ്‌ലിം പൂർവികർ ശ്രമിച്ചപ്പോൾ അതിനെ തടുക്കാൻ ആർക്കും കഴിഞ്ഞില്ല. അതുകൊണ്ടാണ് ശാസ്ത്ര, സാങ്കേതിക മുന്നേറ്റങ്ങളിൽ തമസ്കരിക്കപ്പെടാനാകാതെ മുസ്‌ലിം നാമങ്ങളും സംജ്ഞകളും ഇന്നും നിലനിൽക്കുന്നത്. കൊറോണ വൈറസിന്റെ അപ്രതീക്ഷിതമായ കടന്നുകയറ്റം പൊടുന്നനെ ലോകത്തെത്തന്നെ സ്തംഭിപ്പിച്ചപ്പോൾ, പ്രവാചക പാഠങ്ങളുടെ പ്രസക്തിയെ ലോകാരോഗ്യസംഘടനയിലെ ബുദ്ധിജീവികളടക്കം ചർച്ചക്കെടുത്തത് ചരിത്രത്തെ ആർക്കും മണ്ണിട്ടുമൂടാൻ പറ്റില്ല എന്നതിന്റെ തെളിവാണ്.

മാനവികതയെ നേർവഴിയിലേക്കു നയിച്ച നബിമാരുടെ മാർഗദർശനവും പ്രമാണബദ്ധമായ ജീവിത നിലപാടും നേടാൻ കഴിയാതെ, അന്ധവിശ്വാസങ്ങളുടെ ജീർണിച്ചദുർഗന്ധം വമിക്കുന്ന ആശയങ്ങൾ കൈവിടാത്തവർ കഴിഞ്ഞകാല ചരിത്രങ്ങളുടെ പൊൻതൂവലുകൾ മോഷ്ടിക്കാനും, അന്യരുടെ ചരിത്രങ്ങൾ അവകാശപ്പെടാനും, ചരിത്രം സൃഷ്ടിച്ചവരെ തമസ്കരിക്കാനും എമ്പാടും ശ്രമം നടത്തികൊണ്ടിരിക്കുന്നുണ്ടിവിടെ.

മാനവിക നവോത്ഥാനങ്ങളുടെ ഉറവിടങ്ങളും ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രങ്ങളും രാജ്യം ഇതുവരെ ഉയർത്തിപ്പിടിച്ചുപോന്ന ജനാധിപത്യ, മതേതര ഘടനാചരിത്രവുമടക്കമുള്ളവയുടെ ഗതിമാറ്റാൻ ശുദ്ധമായ തന്ത്രങ്ങൾ നടക്കുന്നു. അധികാരവും പൗരോഹിത്യജീർണതകളുടെ പുനഃസ്ഥാപനവുമാണ് ഇതിന്റെയൊക്കെ ലക്ഷ്യം എന്ന് നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് ബോധ്യമാണ്. ഇവിടെ ആർക്കും ആരെയും തടുക്കാൻ കഴിയില്ലെങ്കിലും നന്മപുലരണം എന്നാഗ്രഹിക്കുന്നവർക്ക് ചില ബാധ്യതകളുണ്ട്. നവോത്ഥാനത്തിന്റെ ചരിത്രം അട്ടിമറിക്കുക എന്നതിന്റെയർഥം നവോത്ഥാനത്തിന്ന് നിമിത്തമായ ആശയങ്ങളെ കുഴിച്ചുമൂടുക എന്നാണ്. അപ്രകാരം ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തെയും മതേതര-ജനാധിപത്യ വളർച്ചയുടെ നാൾവഴികളെയും വക്രീകരിക്കുക എന്നാൽ വസ്തുതകളെയും സത്യത്തെയും ചിതയിലിട്ട് തീകൊടുക്കുക എന്നാണ്. വേരുമുറിഞ്ഞ വൃക്ഷംപോലെ രാജ്യത്തിന്റെ പൈതൃകം ഇതുമൂലം ഉണങ്ങി നശിച്ചുപോകുമെന്ന് നാം ഭയപ്പെടണം.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം തന്റെ 'ഹിദായത്തുൽ അദ്കിയാ'യിൽ ഒരു ഉപമ പറയുന്നുണ്ട്. 'സ്വന്തമായി വീടുവെക്കാതെ മരക്കൊമ്പിൽ ചാടിച്ചാടി കാലംകഴിക്കുന്ന കുരങ്ങ് തോരാതെ മഴ പെയ്യുമ്പോൾ, സ്വയം കൂടുകെട്ടി ആ കൂട്ടിൽ സുഖമായി കയറിയിരിക്കുന്ന കുരുവിയുടെ കൂട് മാന്തിപ്പൊളിക്കുമെന്ന്.' ഇതാണ് ഇപ്പോൾ നവോത്ഥാനത്തിനോടും ചരിത്രത്തിനോടും പലരും ചെയ്യുന്ന വേലകൾ.

ഇവിടെ പ്രത്യേകമായി ഒരു കാര്യം സൂചിപ്പിക്കുകയാണ്. ഇന്ത്യാരാജ്യത്തെ മുസ്‌ലിം സംഭാവനകൾ, സ്വാതന്ത്ര്യ സമരത്തിലും രാഷ്ട്രപുനർനിർമാണത്തിലും അവർ വഹിച്ച പങ്ക്, കേരളത്തിലെ മുസ്‌ലിം സാന്നിധ്യം, നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരങ്ങളുടെയും വസ്തുതകൾ എന്നിവ വരുംതലമുറയുടെ കണ്ണിലും കാതിലുമെത്താതിരിക്കാൻ വലിയ ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനാൽ ഏതൊരു സമൂഹത്തിന്റെയും സത്യസന്ധമായ ചരിത്രം അതത് സമൂഹംതന്നെ സൂക്ഷിക്കണം. അടുത്ത തലമുറക്ക് കൈമാറണം. പഠിപ്പിക്കപ്പെടണം. ലഭ്യമായ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തപ്പെടണം. തങ്ങൾ ഈ രാജ്യത്തിൽ അവകാശമുള്ളവരാണെന്നും തങ്ങളുടെയും സാംസ്കാരിക സംഭാവനകൾ ഇവിടെയുണ്ടെന്നും കൃത്യമായ അറിവും ബോധ്യവുമുള്ളവരായിരിക്കണം വരും തലമുറ. അല്ലെങ്കിൽ അവർക്ക് അപകർഷതയാൽ തലയുയർത്താനാവില്ല.

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com






# അവഗണിക്കപ്പെടുന്ന അറബിഭാഷ

ആഗോളതലത്തിൽ അനന്തസാധ്യതകളുള്ള ഒരു അന്തർദേശീയ ഭാഷയാണ് അറബി. ഐക്യരാഷ്ട്ര സഭയുടെ ആറ് ഔദ്യോഗിക ഭാഷകളിൽ ഒന്ന്. 450 മില്യൺ ജനങ്ങളുടെ സംസാരഭാഷ. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന അഞ്ചാമത്തെ ഭാഷ. 22 രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷ. ആധുനിക വ്യവസായ, വാണിജ്യ മേഖലകളിൽ ഏറ്റവും കൂടുതൽ സാധ്യതകളുള്ള ഭാഷ. സാഹിത്യ, സാംസ്കാരിക, നയതന്ത്ര മേഖലകളിൽ നിർണായക പങ്കാളിത്തമുള്ള ഭാഷ. അതേസമയം, മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മതപരമായ പവിത്രതയും പ്രാധാന്യവുമുള്ള ക്വുർആനിന്റെ ഭാഷ. ഇങ്ങനെ ഒട്ടേറെ സവിശേഷതകളുള്ള ഭാഷയാണ് അറബി.

മതപരമായ വേർതിരിവുകൾക്കപ്പുറത്ത് ഈയിടെയായി എല്ലാ വിഭാഗങ്ങളിൽപെട്ടവരും അറബി ഭാഷ പഠിക്കാൻ മുന്നോട്ട് വരുന്നുണ്ട് എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. പാശ്ചാത്യലോകത്ത് രണ്ടാം ഭാഷയായി ജനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ അറബിക്ക് വലിയ പരിഗണനയാണുള്ളത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം മധ്യപൗരസ്ത്യ ദേശങ്ങളിൽ, ഗൾഫ് രാജ്യങ്ങളിൽ എറ്റവും ബന്ധപ്പെടുന്ന, തൊഴിൽപരമായ, ജീവിതായോധന രംഗങ്ങളിലെല്ലാം അനവധി സാധ്യതകളുള്ള ഭാഷയാണ് അറബി. ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾ ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിനും പ്രത്യേകിച്ച് കേരളത്തിനും നൽകിയ സാമ്പത്തിക പിന്തുണ ചെറിയതൊന്നുമല്ല എന്നുകൂടി നാം ഓർക്കണം.

കേരളത്തിൽ നിരവധി പോരാട്ടങ്ങളുടെ ഫലമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ മേഖലയിൽ അറബിഭാഷ സംരക്ഷിക്കപ്പെട്ടു പോന്നിട്ടുണ്ടെങ്കിലും അറബിയെന്ന് പറയുമ്പോഴേക്കും അതിന്റെ മത പശ്ചാത്തലം മാത്രം ചികഞ്ഞെടുക്കുകയും ഒരു സമുദായ വിഷയമാക്കി അതിനെ ചുരുക്കുകയും ചെയ്യുന്ന രീതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

അറബി ക്വുർആനിന്റെ ഭാഷകൂടിയാണെന്നത് അതിന്റെ പ്രൗഢി വർധിപ്പിക്കുന്നു. എന്നാൽ ലോകഭാഷകളെ കവച്ചുവെക്കുന്ന അതിന്റെ ഉൾക്കരുത്തും അനന്തമായ സാധ്യതകളും കേരളത്തിൽ വിസ്മരിക്കപ്പെടുകയാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അറബി ഭാഷയുടെ സാംസ്കാരിക അസ്തിത്വവും വ്യക്തിത്വവും വിസ്മരിക്കുന്ന സമുദായത്തിന്റെയും അതിന് ഇസ്‌ലാമുമായുള്ള ബന്ധമോർത്ത് അസ്വസ്ഥരാകുന്ന ഭരണാധികാരികളുടെയും ഇടയിൽ ഞെരിഞ്ഞമരുകയാണ് ഇന്ന് ആ ഭാഷ.

രാജ്യത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കുള്ള പരിഹാരമായി കടന്നുവരുന്ന പല പ്രൊജക്ടുകളും അതിന്റെ ഇസ്‌ലാമിക ബന്ധത്തിന്റെ പേരിൽ അവഗണിക്കപ്പെടുകയാണ്. പലിശരഹിത സാമ്പത്തിക വ്യവസ്ഥ പലതവണ കേരളത്തിൽ ചർച്ചചെയ്യപ്പെട്ടതാണ്. നമ്മുടെ ധനകാര്യ മന്ത്രി അക്കാര്യത്തിൽ പഠനം നടത്തി വലിയ ആവേശത്തോടെ പദ്ധതി മുന്നോട്ട് വെക്കുകയും ചെയ്തു. 'ഇസ്‌ലാമിക് ബാങ്കിങ്ങ്' എന്ന പേരിലുടക്കിയാണ് അത് പിന്നീട് വിസ്മരിക്കപ്പെട്ടത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

## അവഗണനയുടെ തെളിവുകൾ

ഒരു പ്രത്യേക മതത്തിന്റെ കാര്യങ്ങൾ അറബി ഭാഷയിലൂടെ സർക്കാർ പഠിപ്പിക്കണമെന്ന് ഇവിടെ ആരും ആവശ്യപ്പെടുന്നില്ല. ഇതര ഭാഷകളെ പോലെ അറബിയെയും പരിഗണിക്കണമെന്നേ ആവശ്യപ്പെടുന്നുള്ളൂ.

ഇക്കാര്യം ഇപ്പോൾ പറയാനുള്ള കാരണം പലതാണ്. 2020 ജൂൺ ഒന്നു മുതൽ വിക്ടേഴ്സ് ചാനൽ വഴി ഓൺലൈൻ ക്ലാസ് ആരംഭിച്ചെങ്കിലും ഭാഷാ ക്ലാസുകൾ നാമമാത്രമായിട്ടേ നടന്നിട്ടുള്ളൂവെന്നതാണ് സുപ്രധാനമായൊരു കാരണം. 1 മുതൽ 12 വരെയുള്ള ക്ലാസുകളുടെ അറബി പഠനത്തിന് ഓരോ ക്ലാസിനും ഈ സമയം വരെ കിട്ടേണ്ടത് 36 പിരീഡാണ്. എന്നാൽ ആകെ ലഭിച്ചത് പത്താം ക്ലാസിന് നാല്, +2വിന് രണ്ട്, 5ന് രണ്ട്, 8ന് രണ്ട് എന്ന കണക്കിനാണ്. 1,2,3,4,6,7,9 എന്നീ ക്ലാസുകൾക്ക് ഇതെഴുതുന്ന സമയം വരെ ഒരു പിരീഡ് പോലും ലഭിച്ചില്ല. കെ.എ.ടി.എഫ് പോലുള്ള സംഘടനകളുടെ ശക്തമായ സമ്മർദത്തിന് ശേഷമാണ് ഈ ക്ലാസുകൾ പോലും നടന്നിട്ടുള്ളത്.

ക്ലാസ് നൽകാതിരിക്കാൻ കാരണം ടൈറ്റ് ഷെഡ്യൂളാണ് എന്നാണ് മറുപടി. എന്നാൽ ആഴ്ചയിൽ 2 പിരീഡ് മാത്രമുള്ള വിഷയങ്ങൾക്ക് ചാനലിൽ നൽകുന്നത് 4 പിരീഡ്. എല്ലാ ക്ലാസും യൂട്യൂബിൽ അപ്ലോഡ് ചെയ്യുന്നുമുണ്ട്. എന്നിട്ടും പ്രവൃത്തിദിവസങ്ങളിൽ പുനഃസംപ്രേഷണം ചെയ്യുന്നു. സിലബസും കൃത്യമായ ക്ലാസും ഇല്ലാത്ത എൽ.കെ.ജി, യു.കെ.ജി ക്ലാസുകൾക്ക് പോലും 'കിളിക്കൊഞ്ചൽ' എന്ന പേരിൽ ദിവസവും 30 മിനിറ്റ് ദൈർഘ്യമുള്ള ക്ലാസ് നടക്കുന്നു. ടൈറ്റ് ഷെഡ്യൂൾ എന്ന കാരണം സത്യസന്ധമല്ല എന്ന് ഇതെല്ലാം തെളിയിക്കുന്നു.

കഴിഞ്ഞ സർക്കാർ എൽ.ടി.ടി.സിയെ ബിഎഡിന് തുല്യമാക്കി പുറത്തിറക്കിയ ഉത്തരവ് യാതൊരു ന്യായവും വിശദീകരണവുമില്ലാതെ പുതിയ സർക്കാർ റദ്ദാക്കിയത് നാം ഇതിനോട് ചേർത്തു വായിക്കണം.

'സമ്പൂർണ' സോഫ്റ്റ് വെയറിൽ അറബിക് കാണുന്നില്ല. പഠനോത്സവം നടത്താനുള്ള മാർഗനിർദേശങ്ങൾ വരുമ്പോൾ അവിടെയും അറബിയില്ല. വിവിധ വിഷയങ്ങളുടെ ശാക്തീകരണ പദ്ധതികളുടെ കൂട്ടത്തിൽ അറബിയടക്കമുള്ള ചില ഭാഷകൾ അവഗണിക്കപ്പെട്ടിരിക്കുന്നു.

അഞ്ചാം ക്ലാസ് മുതൽ ഫസ്റ്റ് പേപ്പറായി ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം, അറബി, ഉറുദു. തമിഴ്, ക

ന്നട തുടങ്ങി പല ഓപ്ഷനുമുണ്ട്. ഇതിൽ ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, കന്നട വിഷയങ്ങൾക്കെല്ലാം ക്ലാസുണ്ട്. തമിഴ്, കന്നട വിഷയങ്ങൾക്ക് പ്രാദേശിക ചാനലിൽ സംപ്രേഷണമുണ്ട്. എന്നാൽ ബഹുഭൂരിഭാഗം കുട്ടികൾ പഠിക്കുന്ന അറബിയടക്കമുള്ള ഭാഷകൾക്കാകട്ടെ ക്ലാസില്ല!

ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി പഠന ശാക്തീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത കൂട്ടത്തിൽ അറബിക്ക് പോഷണത്തിനായി 'ഹൈവ അറബിക്ക്' ഉണ്ടായിരുന്നു. എല്ലാം ക്ലാസ് റൂമുകളിൽ പ്രാവർത്തികമായപ്പോൾ ഹൈവ അറബിക്ക് മാത്രം പുറംലോകം കണ്ടില്ല.

എൽ.ടി.ടി.സിയെ ബിഎഡിന് തുല്യമായി പരിഷ്‌കരിച്ചപ്പോൾ ആകെ 150 സീറ്റ് മാത്രം. വർഷത്തിൽ ശരാശരി വേക്കൻസി മുന്നൂറും! ഇതിലൂടെ യോഗ്യതയുള്ളവരുടെ അഭാവം വർധിക്കും. പഠിപ്പിക്കാനാളില്ലാതെ വരുമ്പോൾ കുട്ടികൾ കൊഴിഞ്ഞ് പോവുകയും ചെയ്യും.

1200 മാർക്കും 240 പ്രവൃത്തി ദിവസവുമുള്ള, മെറിറ്റിൽ മാത്രം സീറ്റ് നേടാവുന്ന DLEd എന്ന ട്രെനിംഗ് കോഴ്‌സിനെ 1000 മാർക്കും 200 പ്രവൃത്തി ദിവസവുമുള്ള BEdന് തുല്യമാക്കി മുൻസർക്കാർ. അതുവഴി ഭാഷാധ്യാപകർക്ക് ഹെഡ്മാസ്റ്റർ പ്രൊമോഷന് അവസരം ഉണ്ടായിരുന്നു. യാതൊരു വിശദീകരണവുമില്ലാതെ ആ ഉത്തരവിനെ പുതിയ സർക്കാർ റദ്ദ് ചെയ്തു. അതുവഴി ഭാഷാധ്യാപകരുടെ HM പ്രൊമോഷൻ ഗവൺമെന്റ് തടയുകയാണ് ചെയ്തിരിക്കുന്നത്.

2019ലെ സർക്കുലർ പ്രകാരം ഹയർ സെക്കന്ററിയിൽ മിനിമം കുട്ടികളുടെ എണ്ണം 25 ആക്കിയിരിക്കുന്നു. നേരത്തെ അത് പത്തായിരുന്നു. ഉറുദു, സംസ്‌കൃതം ഭാഷകൾക്ക് ഇപ്പോഴും പത്തു തന്നെയാണ് എന്നിരിക്കെ അറബിയുടെ വിഷയത്തിൽ വരുത്തിയ ഈ മാറ്റത്തിന്റെ കാരണമെന്താണ്? മലപ്പുറം ജില്ല ഒഴികെ മറ്റു ജില്ലകളിൽ ഇതുകാരണം ഹയർ സെക്കന്ററിയിൽ അറബി തസ്തിക ഉണ്ടാവില്ല.

കോളേജുകളിൽ പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന ഡിഗ്രി കോഴ്‌സുകളെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ ബി.എ ഫോറിൻ ലാംഗ്വേജസ് എന്ന പുതിയ കോഴ്‌സിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, ചൈനീസ്, റഷ്യൻ, ജാപ്പനീസ്, അമേരിക്കൻ സൈൻ ലാംഗ്വേജ്, ജർമൻ... തുടങ്ങിയ ഭാഷകളെല്ലാം ഉൾപെടുത്തിയപ്പോൾ ആഗോളതലത്തിൽ അനന്തസാധ്യതകളുള്ള അറബി അവഗണിക്കപ്പെട്ടിരിക്കുന്നു!

കേരള ചരിത്രത്തിൽ അറബിഭാഷ പാഠ്യപദ്ധതിയിലേക്ക് കടന്നുവന്ന കാലത്ത് ടൈംടേബിളിന് പുറത്തായിരുന്നു. വലിയ സമ്മർദത്തിലൂടെയാണ് അകത്ത് പ്രവേശിക്കുന്നത്. അറബിഭാഷയുടെ സാധ്യതയല്ല; ഭരണകൂടത്തിന്റെ നിലനിൽപായിരുന്നു ബ്രിട്ടീഷുകാർ മുതൽ ഇതുവരെയുമുള്ള സർക്കാറുകളുടെ അറബിയോടുള്ള സമീപനത്തിന്റെ ഇന്ധനമായി വർത്തിച്ചത്.

മുകളിൽ ഉന്നയിച്ച പ്രശ്‌നങ്ങൾക്കെല്ലാം സാങ്കേതിക മറുപടികൾ ആവർത്തിക്കുന്നതും അറബി ഭാഷയെ ഉള്ളിലേക്കെടുക്കാൻ സാധിക്കാത്തതിന്റെ തെളിവാണ്. ദേശീയ വിദ്യാഭ്യാസനയത്തിൽ ഒളിഞ്ഞിരിക്കുന്ന അറബിഭാഷാവിരുദ്ധ നിലപാടുകൂടി ചേരുമ്പോൾ വരുംനാളുകളിൽ സ്ഥിതി കൂടുതൽ വഷളാകുമെന്നതിൽ സംശയമില്ല.

അറബിഭാഷക്ക് നേരെ വരുന്ന അപകട സൈറണുകൾ വളരെ ദൂരെനിന്ന് കേൾക്കാൻ കെൽപുണ്ടായിരുന്ന ബഹു: കരുവള്ളി മുഹമ്മദ് മൗലവി, പി.കെ അഹ്മദലി മദനി, കൊളത്തൂർ ടി. മുഹമ്മദ് മൗലവി തുടങ്ങിയവർ നമ്മെ വിട്ടുപിരിഞ്ഞു. അവർ പൊരുതി നേടിയ അവകാശങ്ങൾ അനുഭവിച്ച് സ്വന്തം ജോലിയുടെ സുരക്ഷിതത്വത്തിൽ ഒതുങ്ങുന്നതിന് പകരം; അറബി ഭാഷയുടെയും അതുയർത്തിപ്പിടിക്കുന്ന സാംസ്‌കാരിക വ്യക്തിത്വത്തിന്റെയും കാവലാളുകളാവാൻ അറബി അധ്യാപക സമൂഹത്തിനാവണം.

അധ്യാപകസംഘടനകൾ ഈ രംഗത്ത് ഉയർത്തുന്ന ആവശ്യങ്ങൾ സമുദായത്തിന്റെ അജണ്ടയിലേക്ക് വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കോവിഡ് പ്രതിസന്ധി അനന്തമായി തുടരുന്നതിനാൽ സാധാരണ ക്ലാസുകൾ എപ്പോൾ ആരംഭിക്കാനാവുമെന്ന് പറയാനാവില്ല. അതുകൊണ്ട് ഓൺലൈൻ ക്ലാസുകളുടെ ഷെഡ്യൂളുകളിൽ ഭാഷകൾ കൂടി ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാവണം. അറബിയെപ്പോലുള്ള, തൊഴിൽരംഗത്തും സാമ്പത്തിക വികസന മേഖലയിലും ധാരാളം സാധ്യതകളുള്ള ഭാഷക്ക് കൂടുതൽ പരിഗണനയും പ്രാധാന്യവും നൽകി കൂടുതൽ ഭാഷാ കോഴ്‌സുകൾ യൂണിവേഴ്‌സിറ്റികളിൽ ആരംഭിക്കാനും സർക്കാർ മുന്നോട്ട് വരണം.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# രാമക്ഷേത്ര രാഷ്ട്രീയം: ഭാവി ഇന്ത്യയുടെ ചൂണ്ടുപലകയോ?

**ബാബരി മസ്ജിദ് നിലനിന്നിരുന്ന ഭൂമിയിൽ നടന്ന രാമക്ഷേത്ര നിർമാണത്തിന്റെ ശിലാന്യാസത്തിലും ഭൂമിപൂജയിലും പ്രധാനമന്ത്രിയും ഗവർണറും മുഖ്യമന്ത്രിയുമെല്ലാം പങ്കെടുത്തത് രാജ്യത്തിന്റെ മതനിരപേക്ഷതക്ക് കടകവിരുദ്ധമാണ്. മസ്ജിദ് പൊളിച്ചത് കൊടിയ അക്രമമാണെന്ന കോടതിപരാമർശം എന്നും ഓർക്കേണ്ടതുണ്ട്. രാമക്ഷേത്ര ചർച്ചകൾ സജീവമാക്കി ഭാവി ഇന്ത്യയുടെ രാഷ്ട്രീയത്തെ ഹിന്ദുത്വ വികാരത്തിലൂടെ പുനർ നിർണയിക്കാനുള്ള ശ്രമങ്ങളെ ബുദ്ധിപരമായി പ്രതിരോധിക്കാനാണ് ന്യൂനപക്ഷ-മതേതര വിഭാഗങ്ങൾ ശ്രമിക്കേണ്ടത്.**

രാമക്ഷേത്രത്തിനു വേണ്ടി രാജ്യത്തിന്റെ പ്രധാനമന്ത്രി തന്നെ ശിലാന്യാസം നടത്തുകയും ചടങ്ങിൽ സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി എന്നിവർക്ക് പുറമെ ആർ.എസ്.എസ് മേധാവി മോഹൻ ഭഗവത് കൂടി പങ്കെടുക്കുകയും ചെയ്തതോടെ ബി.ജെ.പി ഭാവി ഇന്ത്യക്ക് വളരെ വ്യക്തമായ ചൂണ്ടുപലക നിർമിച്ചിരിക്കുകയാണ്. പത്തുവർഷം കഴിഞ്ഞു ഉദ്ഘാടനം ചെയ്യാൻ പോകുന്ന ക്ഷേത്രത്തിന്റെ നിർമാണം അവസാനിക്കുന്ന കാലമത്രയും 'രാമവികാരം' ആളിക്കത്തിച്ച് രാഷ്ട്രീയമായ മുതലെടുപ്പിന് വേണ്ടി ഉപയോഗപ്പെടുത്തുമെന്ന സന്ദേശമാണ് ബി.ജെ.പിയും സംഘപരിവാറും ഇതിലൂടെ വ്യക്തമാക്കുന്നത്. മസ്ജിദ് തകർത്ത് അത് നില

നിന്നിരുന്ന സ്ഥലത്തുതന്നെ ക്ഷേത്രം പണിയുന്നത് രാജ്യത്തിന്റെ മതേതര യശസ്സിന് തീരാകളങ്കം ചാർത്തുന്നത് തന്നെയാണ് എന്ന് മനസ്സിലാക്കാൻ അധികം മര്യാദയുടെ ആവശ്യമൊന്നുമില്ല. പരമോന്നത കോടതിവഴി സമ്പാദിച്ച വിധിയുടെ ബലത്തിലായതുകൊണ്ട് മാത്രമാണ് മസ്ജിദ് നിലനിന്നിരുന്ന സ്ഥലത്തുതന്നെ ക്ഷേത്രം ഉയരുന്നത്. മറ്റൊരു സ്ഥലത്ത് ക്ഷേത്രം നിർമിച്ചുകൊണ്ട് ഇന്ത്യയുടെ ആത്മാവിന്റെ നൊമ്പരങ്ങളെ വേണമെങ്കിൽ ഇല്ലാതാക്കാമായിരുന്നു. പക്ഷേ, ഹിന്ദുത്വ അജണ്ടയിൽ ഔചിത്യബോധം എന്ന ഒന്നില്ലാത്തതുകൊണ്ടും അവരുടെ കൂട്ടത്തിൽ 'മര്യാദാപുരുഷോത്തമന്മാരുടെ' സാന്നിധ്യമില്ലാത്തതുകൊണ്ടും അതിനെക്കുറിച്ച് വിലപിച്ചതുകൊണ്ട് യാതൊരു ഫലവുമില്ല.

രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ ട്വീറ്റ് ഭാവി ഇന്ത്യയുടെ ചിത്രം ഒന്നുകൂടി വ്യക്തമാക്കുന്നു. അതി ങ്ങനെയാണ്: "Felicitations to all for the foundation laying of Ram Temple in Ayodhya. Being built in tune with law, it defines India's spirit of social harmony and people's zeal. It will be a testimony to ideals of RamRajya and a symbol of modern India." (അയോധ്യയിൽ നടക്കുന്ന രാമക്ഷേത്ര ശിലാന്യാസത്തിനു സർവവിധ മംഗളങ്ങളും നേരുന്നു. നിയമവിധേയമായി അതിന്റെ നിർമാണം ആരംഭിക്കുമ്പോൾ അത് ഇന്ത്യയുടെ സാമൂഹിക ഐക്യത്തെയും ജനങ്ങളുടെ അഭിനിവേശത്തെയുമാണ് നിർവചിക്കുന്നത്. രാമരാജ്യത്തിന്റെ മാതൃകയും ആധുനിക ഇന്ത്യയുടെ അടയാളവുമാണത്). രാമരാജ്യമെന്ന ഇന്ത്യയുടെ ഭാവിരൂപത്തെയാണ് രാമക്ഷേത്രം പ്രതിനിധാനം ചെയ്യുന്നത് എന്ന രാഷ്ട്രപതിയുടെ ട്വീറ്റ് അത്യന്തം ഗൗരവതരമാണ്. മുസ്‌ലിം സമുദായത്തെ മാത്രം ഒറ്റപ്പെടുത്തി പൗരത്വനിയമം ഉണ്ടാക്കിയ അതേ കൈകൾ തന്നെ നൂറ്റാണ്ടുകളായി മുസ്‌ലിംകൾ ആരാധന നിർവഹിച്ചുവന്നിരുന്ന പള്ളി രാമന്റെ പേര് പറഞ്ഞു പൊളിക്കുകയും അതേസ്ഥലത്തുതന്നെ രാമന്റെ പേരിൽ ക്ഷേത്രം നിർമിക്കുകയും ഭാവി ഇന്ത്യ രാമരാജ്യമാണെന്നു പ്രഖ്യാപിക്കുക കൂടി ചെയ്യുമ്പോൾ മതേതര ഇന്ത്യയുടെ ഹൃദയമിടിപ്പുകൾ വർധിക്കുക സ്വാഭാവികമാണ്.

അധിനിവേശശക്തികളിൽനിന്നും സ്വാതന്ത്ര്യം പൊരുതി വാങ്ങുമ്പോൾ മഹാത്മജിയുടെ മനസ്സിലൊരു രാമരാജ്യം കടന്നുവന്നിരുന്നു. അതുപക്ഷേ, മതവെറിയുടെ ആയിരുന്നില്ല. കാരണം രാമൻ അന്ന് ത്യാഗിയായിരുന്നു. യുദ്ധത്തിന്റെ പ്രതീകമായിരുന്നില്ല. കേരളത്തെക്കുറിച്ച് മാവേലിനാട് എന്ന് പ്രയോഗിക്കുന്നതുപോലെ 'മതവർഗവർണജാതി' വിഭജനങ്ങളില്ലാതെ എല്ലാവരെയും ഒരുപോലെ കാണുന്ന, വിവിധ ജാതി, മത, വംശജർ സഹജരെപ്പോലെ ഒന്നായി കഴിയുന്ന 'ശ്യാമസുന്ദര സ്നേഹ കേദാര ഭൂമി'യെയാണ് ഗാന്ധിജി വിഭാവനം ചെയ്തത്. രാമനും റഹീമും സ്നേഹത്തോടെ കഴിയുന്ന രാജ്യം അദ്ദേഹം സ്വപ്നം കണ്ടു. രാമരാജ്യമാണ് തന്റെ സങ്കൽപമെന്നും ഖലീഫ ഉമറിന്റെ ഭരണമാണ് താൻ ഇന്ത്യയിൽ നടപ്പാക്കുക എന്നുമെല്ലാം അദ്ദേഹം പറഞ്ഞത് ശാന്തിയും നീതിയും നിറഞ്ഞ, കലഹങ്ങളും സംഘർഷങ്ങളുമില്ലാത്ത ഒരു രാജ്യത്തെ ഉദ്ദേശിച്ചായിരുന്നു എന്ന് അദ്ദേഹത്തിന്റെ തന്നെ എഴുത്തുകളിൽ നിന്ന് വ്യക്തമാണ്. അയോധ്യ എന്നാൽ യുദ്ധം പാടില്ലാത്ത ഭൂമി എന്നാണർഥം. അവിടെ ജനിച്ച രാമൻ എന്ന ഐതിഹ്യ മര്യാദാപുരുഷോത്തമനെ ഗാന്ധിജി വീക്ഷിച്ചിരുന്നത് യുദ്ധം ചെയ്യാത്ത, ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു ഭരണാധികാരിയായിട്ടായിരുന്നു. ജനങ്ങളുടെ സന്തുഷ്ടിക്കും ക്ഷേമത്തിനും വേണ്ടി ജനാധിപത്യപരമായി പ്രവർത്തിക്കുകയും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേഗത്തിൽ നീതി ലഭ്യമാക്കാൻ വേണ്ടി പരിശ്രമിക്കുകയും സത്യം, അഹിംസ, സാംസ്കാരിക മൂല്യങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ ഭരണം നടത്തുകയും ചെയ്യുന്ന സത്യസന്ധനായ ഒരു നേതാവായിട്ടായിരുന്നു. വിവേചനമില്ലാതെ സർവമതങ്ങളോടും വിശ്വാസങ്ങളോടും സമാദരവ് കാത്തുസൂക്ഷിക്കുന്ന ഒരു സാമ്രാജ്യമായിരുന്നു ഗാന്ധിജിയുടെ സങ്കൽപത്തിലുണ്ടായിരുന്ന രാമരാജ്യം.

> **1987 ജനുവരിയിലാണ് രാമായണം സീരിയൽ ദൂരദർശൻ പ്രദർശിപ്പിച്ചു തുടങ്ങിയത്. അതുവരെയും ഇന്ത്യയിലെ സാധാരണക്കാരായ ഹൈന്ദവരുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്ന രാമസങ്കൽപം അതോടെ അട്ടിമറിക്കപ്പെട്ടു. ഗാന്ധിയുടെ രാമസങ്കൽപം ഒരു ക്ഷേമരാഷ്ട്രത്തിന്റെ ആശയമായിരുന്നു. എന്നാൽ രാമായണം സീരിയലിലൂടെ സാഗർ അവതരിപ്പിച്ചത് രാക്ഷസന്മാർക്കെതിരായ യുദ്ധമായിരുന്നു.**

ഗാന്ധിജിയുടെ വിവക്ഷയിൽ നിന്നും രാമനെയും രാമരാജ്യത്തെയും മതവൈറിയുടെ പ്രതിപുരുഷനായി ചിത്രീകരിച്ചുകൊണ്ട് സംഘപരിവാർ തീവ്രവാദികൾ നടത്തിയ പ്രചാരണങ്ങളാണ് ഭാരതത്തെ സംഘർഷരാജ്യമാക്കിയത്. ഹിന്ദുമതവിശ്വാസികളിൽ ഒരുവിഭാഗം അവരുടെ ആരാധ്യപുരുഷനായി കാണുന്ന ശ്രീരാമന്റെ ജന്മസ്ഥലത്ത് ഒരു ക്ഷേത്രമുണ്ടായിരുന്നുവെന്നും അത് മുഗൾ ചക്രവർത്തി തകർത്ത് അവിടെ പള്ളി പണിയുകയായിരുന്നുവെന്നും അവർ പ്രചരിപ്പിച്ചു. ഒരുവിഭാഗം ഹൈന്ദവ വിശ്വാസികളുടെ മനസ്സിൽ മുസ്‌ലിംവിരോധം തള്ളിക്കയറ്റാനും അതോടൊപ്പം അവരുടെ മനസ്സിനെ രാഷ്ട്രീയമായി സ്വാധീനിക്കുവാനും അതുവഴി സാധിച്ചു. 1885ൽ ഫൈസാബാദ് കോടതിയിൽ ഒരു താത്കാലിക മന്ദിരം അവിടെ പണിയാൻ അപേക്ഷ നൽകിയെങ്കിലും കോടതി അത് തള്ളി. നിയമപരമായി നേടിയെടുക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ തീവ്രവാദികൾ 1949ൽ ബാബരി മസ്ജിദിനകത്ത് വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചുകൊണ്ട് ബലപ്രയോഗത്തിലൂടെ അത് പിടിച്ചടക്കാൻ ശ്രമിച്ചു. പള്ളിക്കകത്ത് ബലം പ്രയോഗിച്ച് സ്ഥാപിച്ച വിഗ്രഹങ്ങൾ പൂജിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1950ൽ ഗോപാൽ സിംഗ് വിശാരദ്, പരമഹംസ റാം ചന്ദ്രദാസ് എന്നിവർ ഫൈസാബാദ് കോടതിയിൽ അപ്പീൽ നൽകി. 1959ൽ നിർമോഹി അഖാരയും അപ്പീൽ നൽകി. 1961ൽ യു.പി സുന്നി വഖഫ് ബോർഡും കേസിൽ കക്ഷി ചേർന്നു. 25 വർഷങ്ങൾക്ക് ശേഷം 1986ൽ ബാബരി മസ്ജിദ് ഹിന്ദുക്കൾക്ക് തുറന്നുകൊടുക്കാൻ പ്രാദേശിക കോടതി ഉത്തരവിട്ടു. എന്നാൽ 1989ൽ അലഹബാദ് കോടതി പ്രാദേശിക കോടതിയുടെ ഉത്തരവ് നിർവീര്യമാക്കി തൽസ്ഥിതി (Status quo) തുടരാൻ നിർദേശം നൽകി. 1992 ഡിസംബർ ആറിന് സംഘപരിവാർ നേതാക്കളുടെ ആശിർവാദത്തോടെ കർസേവകർ പള്ളി തകർത്തു. അതിനു ശേഷം 28 വർഷത്തെ നിയമപോരാട്ടങ്ങൾക്കൊടുവിൽ സുപ്രീം കോടതി ഒട്ടും നീതിയുക്തമല്ലാത്ത വിധിയിലൂടെ ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലത്ത് രാമക്ഷേത്രം നിർമിക്കാനുള്ള അനുമതി നൽകി. 1528ൽ ഒരു മുസ്‌ലിം ആരാധനാലയമായി നിർമിക്കപ്പെട്ട ബാബരി മസ്ജിദിന്റെ തുടക്കംമുതൽ ആ മസ്ജിദ് തകർത്ത് അവിടെ രാമന്റെ പേരിൽ ഒരു ക്ഷേത്രത്തിനു വേണ്ടിയുള്ള ഭൂമിപൂജ നടന്നതുവരെയുള്ള ഈ ചരിത്രം വായിക്കുമ്പോൾ എത്ര നാടകീയമായും പ്രകോപനപരമായും ആസൂത്രിതമായുമാണ് സംഘപരിവാർ പ്രവർത്തിച്ചതെന്ന് നമുക്ക് മനസ്സിലാക്കാം. ഇക്കാര്യങ്ങളിൽ രാജ്യത്തെ രാഷ്ട്രീയ കക്ഷികളുടെയും ലെജിസ്‌ലേറ്റിവിന്റെയും എക്സിക്യൂട്ടീവിന്റെയും ജുഡീഷ്യറിയുടെയും പങ്കും വളരെ വ്യക്തമായി ബോധ്യപ്പെടും.

കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ദൂരദർശനും രാമവികാരം ആളിക്കത്തിക്കുന്നതിനു വലിയ സഹായം ചെയ്തു. 1987 ജനുവരിയിലാണ് രാമായണം സീരിയൽ ദൂരദർശൻ പ്രദർശിപ്പിച്ചു തുടങ്ങിയത്. രാമാനന്ദ് സാഗർ ആണ് 'രാമായണം' സീരിയൽ ചിട്ടപ്പെടുത്തിയത്. അതുവരെയും ഇന്ത്യയിലെ സാധാരണക്കാരായ ഹൈന്ദവരുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്ന രാമസങ്കൽപം അതോടെ അട്ടിമറിക്കപ്പെട്ടു. ഗാന്ധിജിയിലൂടെ ലോകം മനസ്സിലാക്കിയ രാമനെ ആയിരുന്നില്ല സാഗർ അവതരിപ്പിച്ചത്. ഗാന്ധിയുടെ രാമസങ്കൽപം ഒരു ക്ഷേമരാഷ്ട്രത്തിന്റെ ആശയമായിരുന്നു. എന്നാൽ രാമായണം സീരിയലിലൂടെ സാഗർ അവതരിപ്പിച്ചത് രാക്ഷസന്മാർക്കെതിരായ യുദ്ധമായിരുന്നു. പ്രേക്ഷകരെ ആവേശത്തിന്റെ കൊടുമുടിയിലേക്ക് നയിക്കുന്ന ഒരു താരരാജാവിന്റെ പരിവേഷം രാമന് നൽകപ്പെട്ടു. ഹിന്ദുത്വ ശക്തികൾ ഈ പരമ്പരയ്ക്ക് വർധിച്ച പിന്തുണയും പ്രചാരണവും നൽകി സജീവമായതോടെ ദൂരദർശൻ ഉദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു പരിണതിയിൽ അത് അവസാനിച്ചു. സീരിയലിന്റെ മുഴുവൻ ഗുണഫലവും ഹിന്ദുത്വശക്തികൾക്ക് ലഭിച്ചു. അവസരങ്ങളെയും പ്രതിസന്ധികളെയും തങ്ങൾക്ക് അനുകൂലമാക്കുന്നതിൽ അവിടെയും അവർ വിജയിച്ചു. 1988 ജൂലൈ മാസം സീരിയൽ അവസാനിച്ചതോടെ ഇന്ത്യമുഴുവൻ രാമതരംഗം അലയടിച്ചുകഴിഞ്ഞിരുന്നു.





1949 ഡിസംബർ 22നായിരുന്നു മസ്ജിദിനകത്ത് വിഗ്രഹങ്ങൾ സ്ഥാപിച്ചത്. അന്ന് രാജ്യം ഭരിക്കുന്നത് ജവഹർലാൽ നെഹ്റു ആയിരുന്നു. ഉത്തർപ്രദേശ് (അന്ന് യുണൈറ്റഡ് പ്രൊവിൻസ്) കോൺഗ്രസ് മുഖ്യമന്ത്രി ഗോവിന്ദ് ബല്ലഭ് പന്ത് ആയിരുന്നു ഭരിച്ചിരുന്നത്. വിഗ്രഹങ്ങൾ ദിവ്യാത്ഭുതങ്ങളായി പള്ളിയിൽ വന്നു എന്നായിരുന്നു വാദം. എന്നാൽ പോലീസ് ഓഫീസർ എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയത് 50-60 ആളുകൾ പള്ളിയിൽ അതിക്രമിച്ചുവന്നു വിഗ്രഹങ്ങൾ സ്ഥാപിച്ചു പള്ളിയുടെ വിശുദ്ധിക്ക് ഭംഗമേൽപിച്ചു എന്നായിരുന്നു. മൂന്നു ദിവസങ്ങൾക്ക് ശേഷം പണ്ഡിറ്റ് നെഹ്റു മുഖ്യമന്ത്രിക്ക് ടെലിഗ്രാം ചെയ്തു. അതിങ്ങനെയായിരുന്നു: 'അയോധ്യയിലെ സംഭവങ്ങളിൽ ഞാൻ അസ്വസ്ഥനാണ്. ഈ കാര്യത്തിൽ താങ്കൾ പ്രത്യേകം താൽപര്യമെടുക്കുമെന്നു ഞാൻ കരുതുന്നു. വളരെ അസ്വസ്ഥജനകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള അപകടകരമായ അവസ്ഥയാണ് അവിടെയുള്ളത്.' എന്നാൽ പന്ത് പ്രധാനമന്ത്രിയുടെ ഈ സന്ദേശം ഗൗരവത്തോടെ ഉൾക്കൊണ്ടില്ല. പള്ളിയിൽ സ്ഥാപിച്ച വിഗ്രഹങ്ങൾ എടുത്തുമാറ്റി പഴയ അവസ്ഥയിലേക്ക് കൊണ്ടുവരണമെന്നായിരുന്നു നെഹ്റുവിന്റെ ശാസനയുടെ കാതൽ. ചീഫ് സെക്രട്ടറി ഭഗവാൻ സഹായിയും പോലീസ് ഐ. ജി. ബിഎൽ ലാഹിരിയും വിഗ്രഹങ്ങൾ എടുത്തുമാറ്റാൻ നിർദേശം നൽകാൻ ജില്ലാ മജിസ്ട്രേറ്റ് ആയിരുന്ന കെ.കെ നായരോട് ആവശ്യപ്പെട്ടു. വലിയ കലാപത്തിന് കാരണമാകുമെന്ന് പറഞ്ഞുകൊണ്ട് കെ.കെ നായർ അതിനു തയ്യാറായില്ല. നായർ ഔദ്യോഗിക ജീവിതത്തിനു ശേഷം ജനസംഘത്തിൽ ചേരുകയും ചെയ്തു.

പണ്ഡിറ്റ്ജി വിഷയം അതോടെ അവസാനിപ്പിച്ചില്ല. അദ്ദേഹം 1950 ജനുവരി 7നു ഗവർണർ ജനറൽ സി. രാജഗോപാലാചാരിക്ക് കത്തെഴുതി: 'ഇന്നലെ രാത്രി അയോധ്യവിഷയത്തിൽ ഞാൻ മുഖ്യമന്ത്രി പന്തിനു ലഖ്നോവിലേക്ക് പോവുകയായിരുന്ന ഒരു വ്യക്തി മുഖേന കത്ത് കൊടുത്തയച്ചു. ശേഷം അദ്ദേഹം എന്നെ വിളിച്ചു. അദ്ദേഹം വളരെ അസ്വസ്ഥനാണെന്നും വ്യക്തിപരമായി പ്രശ്നത്തിൽ ഇടപെടാൻ ശ്രമിക്കുകയാണെന്നും പറഞ്ഞു. നടപടിയെടുക്കാൻ ഉദ്ദേശ്യമുണ്ടെങ്കിലും അറിയപ്പെടുന്ന ഹിന്ദുക്കളെ കൊണ്ട് അയോധ്യയിലെ ജനങ്ങൾക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കാനാണ് ആഗ്രഹമെന്നും പറഞ്ഞു. താങ്കൾ ഇന്ന് രാവിലെ എനിക്കയച്ച കത്തിനെക്കുറിച്ച് ഞാൻ ടെലിഫോണിൽ പറഞ്ഞിട്ടുമുണ്ട്. ആഭ്യന്തരമന്ത്രി വല്ലഭായി പട്ടേൽ മറ്റന്നാൾ ലഖ്നോവിലേക്ക് പോകുന്നുണ്ട്.'

മുഖ്യമന്ത്രി ജി.ബി.പന്തിൽനിന്ന് പിന്നീട് പ്രതികരണങ്ങളൊന്നും കാണാതിരുന്നപ്പോൾ ഫെബ്രുവരി 5നു വീണ്ടും അദ്ദേഹം എഴുതി: 'അയോധ്യയുടെ അവസ്ഥയെക്കുറിച്ച് താങ്കൾ എന്നെ അറിയിക്കുകയാണെങ്കിൽ അതെനിക്ക് വലിയ സന്തോഷംനൽകുന്ന കാര്യമായിരിക്കും. വളരെ അത്യാവശ്യമാണെങ്കിൽ ഞാൻ അയോധ്യയിലേക്ക് പോകുമെന്ന് കഴിഞ്ഞതവണ താങ്കൾ ഇവിടെ വന്നപ്പോൾ സൂചിപ്പിച്ചിരുന്നു. ഞാൻ വളരെയധികം തിരക്കിലാണെങ്കിലും അയോധ്യയിലേക്ക് പോകാനായി ഞാൻ ഒരു തീയതി കണ്ടെത്തുക തന്നെ ചെയ്യും.'

അയോധ്യാവിഷയത്തിൽ അന്നത്തെ ഉത്തർപ്രദേശ് കോൺഗ്രസിൽനിന്നുള്ള തണുത്ത പ്രതികരണത്തിൽ മനംനൊന്ത് 1950 മാർച്ച് 5ന് നെഹ്റു ഗാന്ധിജിയുടെ സെക്രട്ടറി ആയിരുന്ന കിഷോർ ലാൽ മശ്രുവാലക്ക് ഇങ്ങനെ എഴുതി: 'അയോധ്യയിലെ മുസ്ലിം പള്ളിയുടെ വിഷയം താങ്കളെ ധരിപ്പിക്കുന്നു. രണ്ടു മൂന്നു മാസങ്ങൾക്കു മുമ്പ് നടന്ന ഈ സംഭവത്തിൽ ഞാനാകെ അസ്വസ്ഥനാണ്. യു.പി സർക്കാർ വലിയ ധീരതാപ്രകടനങ്ങൾ നടത്തുന്നതുപോലെ കാണിച്ചുവെങ്കിലും പ്രായോഗികമായി ഒന്നും ചെയ്തില്ല. അവരുടെ ഫൈസാബാദ് ജില്ലാ ഓഫീസർ കെ.കെ.നായർ ഈ വിഷയത്തിൽ വളരെ മോശമായാണ് പ്രവർത്തിച്ചിട്ടുള്ളത്. ഈ സംഭവം തടയാൻ വേണ്ടിയുള്ള ഒരു നടപടിയും സ്വീകരിച്ചതുമില്ല. ബാബ രാഘവദാസിനെ പോലെയുള്ള യുപിയിലെ പല കോൺഗ്രസ് നേതാക്കളും ആ നടപ

ടിയെ അംഗീകരിക്കുന്നതിൽ എനിക്ക് അതൃപ്തിയുണ്ട്. ജി.ബി.പന്ത് പല അവസരങ്ങളിലും നടപടിയെ അപലപിച്ചിട്ടുണ്ടെങ്കിലും ഒരു കലാപത്തെ ഭയന്ന് കൃത്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നെ വളരെയധികം അലോസരപ്പെടുത്തിയിട്ടുള്ള ഇക്കാര്യത്തിൽ പന്തിന്റെ ശ്രദ്ധ പലതവണ ഞാൻ ക്ഷണിച്ചിട്ടുണ്ടായിരുന്നു. പാകിസ്താനുമായി ബന്ധപ്പെട്ട പ്രശ്നം ചൂണ്ടിക്കാട്ടി പല കോൺഗ്രസ് നേതാക്കളുടെയും മനസ്സ് വർഗീയമായിട്ടുണ്ട്. അതവരുടെ മുസ്‌ലിംകളോടുള്ള പെരുമാറ്റരീതികളിൽ പ്രകടമാകുന്നുണ്ട്.'

(J.N. Collection Selected Works of Jawaharlal Nehru, Second Series, vol. 14, Part 1, p. 4435, a project of Jawaharlal Nehru Memorial Fund, 1992, distributed by Oxford University Press).

പണ്ഡിറ്റ് നെഹ്റു മാത്രമല്ല, ആഭ്യന്തരമന്ത്രി സർദാർ വല്ലഭായി പട്ടേലും ജി.ബി.പന്തിന് ഈ വിഷയത്തിൽ എഴുതിയിട്ടുണ്ട്. പട്ടേൽ പന്തിനോട് പറഞ്ഞത് ഇങ്ങനെയായിരുന്നു: 'അയോധ്യയിലെ സംഭവവികാസങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി ഇതിനകം ഒരു ടെലിഗ്രാം നിങ്ങൾക്ക് അയച്ചിട്ടുണ്ടല്ലോ. ലഖ്നൗവിൽ വെച്ച് ഞാൻ അതിനെക്കുറിച്ച് താങ്കളോട് സംസാരിച്ചിരുന്നു. രാജ്യത്തിന്റെയും നിങ്ങളുടെ സ്വന്തം പ്രവിശ്യയുടെയും വീക്ഷണകോണിൽനിന്ന് നോക്കിയാൽ ഏറ്റവും അപ്രതീക്ഷിതമായ സമയത്താണ് ഈ തർക്കം ഉയർന്നതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. വിവിധ സമുദായങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ സുദൃഢമാക്കുന്നതിനായി അനവധി സാമുദായിക പ്രശ്നങ്ങൾ അടുത്തിടെ നാം പരിഹരിക്കുകയുണ്ടായി. നിങ്ങളുടെ സ്വന്തം പ്രവിശ്യയിൽ, സാമുദായിക പ്രശ്നങ്ങൾ എപ്പോഴും സങ്കീർണമാണ്. 1946 മുതൽ സാമുദായിക ബന്ധങ്ങൾ വളരെയധികം മെച്ചപ്പെട്ടുവെന്നത് നിങ്ങളുടെ ഭരണത്തിന്റെ മികച്ച നേട്ടങ്ങളിലൊന്നായി ഞാൻ കരുതുന്നു. അതിനാൽ, ഈ പ്രശ്നം രണ്ട് സമുദായങ്ങൾ തമ്മിലുള്ള പരസ്പര സഹിഷ്ണുതയുടെയും സൗഹാർദത്തിന്റെയും അടിസ്ഥാനത്തിൽ മുസ്‌ലിം സമുദായത്തിന്റെ സ്വയം സന്നദ്ധമായ സമ്മതത്തിലൂടെ മാത്രമെ പരിഹരിക്കപ്പെടാൻ പാടുള്ളൂ. തർക്കങ്ങൾ ബലപ്രയോഗത്തിലൂടെ പരിഹരിക്കുകയല്ല വേണ്ടത്. സമാധാനപരവും അനുനയപ്രദവുമായ രീതികൾ പിന്തുടരുക. അതിനാൽ, ഈ വിഷയം സജീവ പ്രശ്നമാക്കി നിലനിർത്താതെ വിവാദങ്ങൾ സമാധാനപരമായ മാർഗങ്ങളിലൂടെ താങ്കൾ പരിഹരിക്കുമെന്നും കരുതുന്നു.'

(Durga Das, Sardar Patel's Correspondence, Navajivan Publishing House, Ahmedabad, 1974, vol. 9, p. 31011).

പണ്ഡിറ്റ് നെഹ്റുവിന്റെയും സർദാർ പട്ടേലിന്റെയും ലക്ഷ്യം ഒന്നായിരുന്നെങ്കിലും കാഴ്ചപ്പാടുകൾ വ്യത്യസ്തമായിരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. നെഹ്റു കാര്യങ്ങൾ പഴയനിലയിലേക്ക് കൊണ്ടുവരുവാനുള്ള നിർദേശങ്ങൾ നൽകിയപ്പോൾ (ഒരു undo പോളിസി) പട്ടേൽ അനുനയത്തിന്റെ മാർഗം സ്വീകരിക്കാൻ ഉപദേശിക്കുന്നു. എന്നാൽ യു.പിയിലെ കോൺഗ്രസ് നേതാക്കൾ പള്ളിയിൽ വിഗ്രഹം കൊണ്ടുവെച്ച തീവ്രവാദികളെ ഭയക്കുകയും അവരെ എതിർക്കാനുള്ള ധൈര്യം കാണിക്കാതിരിക്കുകയും ചെയ്തത് നെഹ്റു അടക്കമുള്ള കോൺഗ്രസ് ദേശീയ നേതാക്കളിൽ പലരെയും വിഷമിപ്പിച്ചിരുന്നു. നെഹ്റു പറഞ്ഞു: 'എന്നിൽനിന്നും അന്യവൽക്കരിക്കപ്പെട്ട നാടായി ഒരു വിദേശരാജ്യം പോലെ ഉത്തർപ്രദേശ് മാറിയിരിക്കുന്നു. കഴിഞ്ഞ 35 വർഷമായി എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന യു.പിയിലെ കോൺഗ്രസ് എന്നെ അതിശയിപ്പിക്കുകയാണ്.'



മഹാത്മജി ഹിന്ദുത്വ തീവ്രവാദികളാൽ കൊലചെയ്യപ്പെട്ടു 23 മാസം കഴിഞ്ഞാണ് അവർ ബാബരി മസ്ജിദിൽ വിഗ്രഹങ്ങൾ കയറ്റി വർഗീയ കലാപമുണ്ടാക്കാൻ ശ്രമിച്ചത്. ഗാന്ധിവധവുമായി ബന്ധപ്പെട്ടു പ്രകോപനപരമായ പ്രസംഗം നടത്തിയതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടയാളായിരുന്നു ഗോരഖ് നാഥ്മഠത്തിലെ മുഖ്യപൂജാരിയും ഹിന്ദുമഹാസഭ നേതാവുമായിരുന്ന മഹന്ദ് ദിഗ്‌വിജയ്നാഥ്. അ

> **വെല്ലുവിളികളെ തിരിച്ചറിഞ്ഞു രാജ്യത്ത് വീണ്ടും ജനാധിപത്യവും മതനിരപേക്ഷതയും തിരിച്ചുകൊണ്ടുവരാനുള്ള യജ്ഞം തുടരേണ്ടതുണ്ട്. അതിനായി രാജ്യത്തെ ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും അടക്കമുള്ള സകല ജനങ്ങളും ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടതുണ്ട്. മനസ്സുകളിൽനിന്നും വർഗീയതയെയും സ്വജനപക്ഷപാതിത്വങ്ങളെയും പിഴുതെറിഞ്ഞു നല്ല മനുഷ്യരായിത്തീരാൻ ശ്രമിക്കുക. രാമക്ഷേത്രത്തിന്റെ പേരിൽ സംഘപരിവാർ ഉയർത്തുന്ന പുതിയ രാഷ്ട്ര, രാഷ്ട്രീയ സങ്കൽപങ്ങളായിരിക്കരുത് രാജ്യത്തിന്റെ ഭാവിയെ നിശ്ചയിക്കേണ്ടത് എന്ന തിരിച്ചറിവ് ഇനിയുള്ള കാലങ്ങളിൽ നാം സൂക്ഷിച്ചുവെക്കുക.**

യാൾ ജയിൽ മോചിതനായ ശേഷം ബാബരി മസ്ജിദിന് സമീപം 9 ദിവസം തുടർച്ചയായി രാമചരിത മാനസം ചൊല്ലിക്കൊണ്ട് സംഘർഷത്തിന് ശ്രമിക്കുകയുണ്ടായി. നെഹ്റുവിന്റെ അഭ്യർഥനകൾ ഒന്നും തന്നെ ചെവിക്കൊള്ളാതെ വർഗീയവാദികൾക്ക് അഴിഞ്ഞാടാൻ അവസരമൊരുക്കിയ യു.പി മുഖ്യമന്ത്രി ജെ.ബി. പന്തിന്റെയും യുപിയിലെ ഇതര കോൺഗ്രസ് നേതാക്കളുടെയും നടപടികളാണ് യുപിയുടെ മതേതരമുഖത്തെ വികലമാക്കിയത്. മദൻ മോഹൻ മാളവ്യയും ബാബ രാഘവദാസും പുരുഷോത്തം ദാസ് ഠണ്ടനും എല്ലാം ചേർന്ന മൃദുഹിന്ദുത്വ ലൈൻ ആയിരുന്നു യു.പിയിലെ കോൺഗ്രസിന് പഥ്യം. ഗാന്ധിജിയും പണ്ഡിറ്റ്ജിയും നൽകിയ മതനിരപേക്ഷ ലൈനിനെക്കാൾ അവർക്കിഷ്ടം ഹിന്ദുത്വ തീവ്രവാദികളെ പ്രീതിപ്പെടുത്തുകയും പ്രീണിപ്പിക്കുകയും ചെയ്യുന്ന മൃദുഹിന്ദുത്വമായിരുന്നു.

നെഹ്റുവിന് ശേഷം ഇന്ദിര വളരെക്കാലം രാജ്യം ഭരിച്ചു. രാമജന്മഭൂമി പ്രശ്നം പൊക്കിക്കൊണ്ടുവരാൻ പലതവണ ആർ.എസ്.എസ് ശ്രമിച്ചുവെങ്കിലും വലിയ ഫലമുണ്ടായില്ല. ഇന്ദിരയുടെ ദാരുണമരണം ഇന്ത്യക്ക് കനത്ത നഷ്ടമുണ്ടാക്കി. മകൻ രാജീവ് പ്രധാനമന്ത്രിയായി. വി.എച്ച്.പിയുടെ നേതൃത്വത്തിൽ ബാബരി മസ്ജിദിന്റെ താഴുകൾ തുറക്കാൻ വേണ്ടി വലിയ പ്രക്ഷോഭങ്ങൾ നടന്നു. രാജീവ് അധികാരത്തിലിരിക്കെ താഴുകൾ തുറന്നുകൊടുത്തു എന്ന് പറഞ്ഞുകൊണ്ട് അതിന്റെ കുറ്റം മുഴുവൻ രാജീവിൽ ചാർത്താനാണ് ചിലർ ശ്രമിക്കാറുള്ളത്. എന്നാൽ അത് വസ്തുതാപരമായി ശരിയല്ല. 1986 ജനുവരി 25നു ഉമേഷ് ചന്ദ്ര പാണ്ഡെ എന്ന വക്കീൽ പ്രദേശത്തെ മുൻസിഫ് കോടതിയിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ള ഭാഗം ഹിന്ദുക്കൾക്ക് തുറന്നുകൊടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഹരജി നൽകി. 1949 ഡിസംബർ 23ന് അടച്ചുപൂട്ടിയിട്ടുള്ള പ്രദേശത്ത് മുസ്‌ലിംകൾ നമസ്കാരം നിർവഹിക്കാറില്ലെന്നും അതുകൊണ്ട് വിഗ്രഹങ്ങൾ സ്ഥാപിച്ച ഭാഗം ഹിന്ദുക്കൾക്ക് തുറന്നുനൽകണം എന്നുമായിരുന്നു അയാളുടെ വാദം. മുൻസിഫ് കോടതി അത് തള്ളിയപ്പോൾ അയാൾ ഫൈസാബാദ് ജില്ലാ കോടതിയെ സമീപിച്ചു. തുറന്നുകൊടുത്താൽ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുമോ എന്നായിരുന്നു കോടതി ജില്ലാ പോലീസ് സൂപ്രണ്ടിനോട് ചോദിച്ചത്. പോലീസ് സൂപ്രണ്ട് അത്തരം പ്രശ്നങ്ങൾ ഉണ്ടാവില്ലെന്ന് ഉറപ്പ് നൽകി. ഫൈസാബാദ് ജില്ലാകോടതി ബാബരി മസ്ജിദിന്റെ താഴുകൾ തുറക്കുവാനും ഹിന്ദുക്കൾക്ക് ആരാധന നടത്തുവാനും അനുവദിക്കുകയും ചെയ്തു. അന്ന് യു.പി ഭരിച്ചിരുന്നത് കോൺഗ്രസ് ആണ്. സംസ്ഥാന കോൺഗ്രസിന്റെ അനുമതിയോടെയല്ലാതെ പോലീസ് സൂപ്രണ്ടിന് കോടതിയിൽ മൊഴി നൽകാൻ കഴിയില്ല എന്നത് വ്യക്തമാണ്. യു.പി കോൺഗ്രസ് അന്നും മൃദുഹിന്ദുത്വ സമീപനം പുലർത്തി എന്നത് വ്യക്തമാണ്. പക്ഷേ, അതിന്റെ പാപഭാരം ചുമക്കേണ്ടി വന്നത് രാജീവ് ഗാന്ധിക്കായിരുന്നു. (Refer: https://www.sci.gov.in/pdf/JUD_ 2.pdf)

ഇതുസംബന്ധമായി പ്രമുഖ കോൺഗ്രസ് നേതാവും മതേതര ചേരിയുടെ ശക്തനായ പോരാളിയുമായ മണിശങ്കർ അയ്യർ പറയുന്നത് ഇങ്ങനെയാണ്: 'ചില കോൺഗ്രസ് നേതാക്കൾ രാജീവ് ഗാന്ധിയാണ് ബാബരി മസ്ജിദിന്റെ താഴുകൾ ഹിന്ദുക്കൾക്കായി തുറന്നുകൊടുത്തത് എന്ന് വീമ്പ് പറയുന്നുണ്ട്. എന്നാൽ അങ്ങനെയല്ല. സ്റ്റാറ്റസ്കോ നിലനിർത്താനായിരുന്നു അദ്ദേഹം നിർദേശിച്ചിരുന്നത്. എല്ലാം ചെയ്തുകഴിഞ്ഞു ഒരു ജുഡീഷ്യൽ ഓർഡർ ആയിക്കഴിഞ്ഞതിനു ശേഷമാണ് അദ്ദേഹം ഇതറിയുന്നത്' (The Hindu, 6 August 2020). എന്നാൽ 1989 നവമ്പറിൽ നടന്ന ശിലാന്യാസം രാജീവ് ഗാന്ധിയുടെ അറിവോട് കൂടിയാ

യിരുന്നു എന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷേ, അത് ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലത്ത് നടത്താനായിരുന്നില്ല നിർദേശിച്ചിരുന്നത്. തർക്കസ്ഥലത്തിന് പുറത്ത് ശിലാന്യാസം നടത്താനുള്ള അനുമതി നൽകിയത് വി.എച്ച്.പി നേതാക്കൾ ലംഘിക്കുകയായിരുന്നു. എന്നിരുന്നാലും രാജീവ് ഭരണത്തിൽ ശിലാന്യാസത്തിന് അനുമതി നൽകിയത് ന്യൂനപക്ഷങ്ങളിൽ കടുത്ത നിരാശ വർധിപ്പിച്ചിരുന്നു. അതേസമയം, ബാബരി മസ്ജിദിന്റെ കാര്യത്തിൽ രാജീവിന്റെ നിലപാട് എന്തായിരുന്നു എന്ന് മകൻ രാഹുൽ ഗാന്ധി വ്യക്തമാക്കുന്നത് ഇങ്ങനെയാണ്: ‘എന്റെ അച്ഛൻ അമ്മയോട് പറഞ്ഞിരുന്നത് ബാബരി മസ്ജിദ് തകർക്കാൻ ആരുവന്നാലും പള്ളിയുടെ മുമ്പിൽ ഞാൻ പോയി നിൽക്കും. പള്ളി പൊളിക്കുന്നതിന് മുമ്പ് അവർക്ക് എന്നെ വധിക്കേണ്ടി വരും’ (Indian Express, 20 March 2007).




**“ മതനിരപേക്ഷതയുടെ വിഷയത്തിൽ നെഹ്റുവിന്റെയും ഇന്ദിരയുടെയും രാജീവിന്റെയും രാഹുലിന്റെയും ഉറച്ച നിലപാടുകളിൽ നിന്നുമുള്ള വ്യതിചലനങ്ങൾ കോൺഗ്രസിനും രാജ്യത്തിനും ഗുണം ചെയ്യില്ല. സ്വന്തം ആദർശത്തിൽ അടിയുറച്ച് ആത്മവിശ്വാസത്തോടെ മുമ്പോട്ടുപോവുകയും സ്ഥാനമാനങ്ങളെക്കാൾ വലിയ സംഭാവനകൾ നൽകുകയും രാജ്യത്തിന്റെ ഉത്തമ താൽപര്യങ്ങൾക്ക് മുന്നിൽ നയിക്കുകയും വേണം കോൺഗ്രസ്. ”**

നെഹ്റു കുടുംബം ഹിന്ദുത്വവാദികൾക്ക് കീഴടങ്ങാതെ മതനിരപേക്ഷ തത്ത്വങ്ങളുടെ കൂടെ സഞ്ചരിക്കാനായിരുന്നു എല്ലാ കാലവും ശ്രമിച്ചിരുന്നത്. കോൺഗ്രസ് എന്ന ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനത്തെ മതേതരമാക്കി നിലനിർത്താൻ അവർ എപ്പോഴും ശ്രമിച്ചിരുന്നു. നെഹ്റുവിനും ഇന്ദിരക്കും രാജീവിനും ശേഷമുള്ള തലമുറയിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നത് പ്രിയങ്കയും രാഹുലുമാണ്. മതേതരത്വത്തിന്റെ ശക്തമായ പ്രതീകങ്ങളായിട്ടാണ് ഇവർ രണ്ടുപേരും അറിയപ്പെടുന്നത്. ഇന്ത്യക്ക് മതേതര മുഖം നൽകാൻ സാധിക്കുന്ന ഏറ്റവും ശക്തരായ നേതാക്കളാണ് അവരെന്നെ കാര്യത്തിൽ സംശയമില്ല. പക്ഷേ, പ്രിയങ്കയുടെ രാമക്ഷേത്ര നിർമാണവുമായി ബന്ധപ്പെട്ട പ്രസ്താവന മുസ്‌ലിം ന്യൂനപക്ഷങ്ങളിലും മതേതര സമൂഹങ്ങളിലും തെല്ലൊരാശങ്ക ഉളവാക്കിയിട്ടുണ്ട്. മൃദുഹിന്ദുത്വ സമീപനം നെഹ്റു കുടുംബത്തിൽനിന്നും വരുന്നത് മതേതര ന്യൂനപക്ഷ വിഭാഗങ്ങൾ ഒരിക്കലും സഹിക്കില്ല. രാമക്ഷേത്ര നിർമാണവുമായി ബന്ധപ്പെട്ട രാഹുൽ ഗാന്ധിയുടെ പ്രസ്താവന വളരെ സൂക്ഷിച്ചായിരുന്നു. രാമൻ നീതിയാണ്, അനീതിയിൽ പ്രത്യക്ഷപ്പെടില്ല എന്ന് അദ്ദേഹം പ്രസ്താവിച്ചത് രാമവികാരത്തിനു അനുകൂലമായി നിന്നുകൊണ്ടും എന്നാൽ രാമനെ ദുരുപയോഗം ചെയ്യുന്ന ബി.ജെ.പിയുടെയും സംഘപരിവാറിന്റെയും അനീതിയിലും അക്രമത്തിലും അധിഷ്ഠിതമായ രാഷ്ട്രീയത്തെ എതിർത്തുകൊണ്ടുമായിരുന്നു. എന്നാൽ അയോധ്യയിൽ നടന്ന ഭൂമിപൂജക്ക് ആശംസകൾ അറിയിച്ചുകൊണ്ടുള്ള പ്രിയങ്കയുടെ പ്രസ്താവന ഒട്ടും ചിന്തിക്കാതെയായി. ഒരു ക്ഷേത്രമോ മസ്ജിദോ മറ്റേതെങ്കിലും ആരാധനാലയങ്ങളോ നിർമിക്കുമ്പോൾ അതിന് ആശംസകൾ നേരുന്നത് തെറ്റായ കാര്യമല്ല. എന്നാൽ അത് രാജ്യത്തെ വെട്ടിപ്പൊളിച്ച് മതേതരത്വത്തെ കുഴിച്ചുമൂടി അതിനുമുകളിലാണ് പണിയുന്നതെങ്കിൽ അംഗീകരിക്കാൻ കഴിയില്ല.

ഹൈന്ദവസമൂഹത്തെ സംഘപരിവാർ കൈയിലെടുക്കുന്നത് ഒഴിവാക്കാൻ വേണ്ടിയുള്ള തന്ത്രപരമായ നിലപാടായി പ്രിയങ്കയുടെ പ്രസ്താവനയെ കാണുന്നത് തെറ്റില്ല. പക്ഷേ, മുകളിൽ വളരെയേറെ നാം വിശദീകരിച്ച ചരിത്രങ്ങളിൽനിന്നും മനസ്സിലാ



ക്കാൻ കഴിയുക ഇങ്ങനെയുള്ള താത്കാലിക നടപടികളോ പ്രസ്താവനകളോ ഒന്നും സംഘപരിവാറിനെ നേരിടുന്നതിനുള്ള പ്രതിവിധികളല്ല എന്നാണ്. മതനിരപേക്ഷതയുടെ വിഷയത്തിൽ നെഹ്റുവിന്റെയും ഇന്ദിരയുടെയും രാജീവിന്റെയും രാഹുലിന്റെയും ഉറച്ച നിലപാടുകളിൽ നിന്നുള്ള വ്യതിചലനങ്ങൾ കോൺഗ്രസിനും രാജ്യത്തിനും ഗുണം ചെയ്യില്ല എന്ന് തിരിച്ചറിയപ്പെടേണ്ടതുണ്ട്. സ്വന്തം ആദർശത്തിൽ അടിയുറച്ച് ആത്മവിശ്വാസത്തോടെ മുമ്പോട്ടുപോവുകയും സ്ഥാനമാനങ്ങളെക്കാൾ വലിയ സംഭാവനകൾ രാജ്യത്തിന് വേണ്ടി ഇനിയും ചെയ്യാനുണ്ട് എന്ന് മനസ്സിലാക്കി മുമ്പോട്ട് പോയെങ്കിൽ മാത്രമെ രാജ്യത്ത് മതേതരത്വം നിലനിൽക്കൂ.

മതനിരപേക്ഷ സമൂഹത്തിൽപെട്ട ഹൈന്ദവ വിശ്വാസികൾ അവരുടെ ആരാധനാലയങ്ങളിൽ പോകുന്നതിനെയോ ആരാധനാലയങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നതിനെയോ ഒരിക്കലും വർഗീയമായി കാണാൻ പാടുള്ളതല്ല. സ്നേഹവും സമാധാനവും ചൊരിഞ്ഞുകൊണ്ടു പ്രവർത്തിക്കുന്ന, ഹൈന്ദവ ദർശനത്തിന്റെ സാരാംശങ്ങളിൽ ഏറ്റവും നല്ല വശങ്ങളെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഹൈന്ദവ സഹോദരങ്ങളെപ്പോലും വർഗീയമായി ചിന്തിപ്പിക്കുന്ന തരത്തിലുള്ള വിമർശനങ്ങൾ മതേതരവിഭാഗങ്ങളിൽ നിന്ന് ഉണ്ടാവാനും പാടില്ല. രാമഭക്തരായ എല്ലാവരെയും വർഗീയവാദികളായി കാണുന്ന സമീപനം ഒരിക്കലും ഭൂഷണമല്ല.

ആരാധനാലയങ്ങളുടെ നിർമാണവും ഉദ്ഘാടനവും അതുമായി ബന്ധപ്പെട്ട ചടങ്ങുകളും ഒരിക്കലും രാഷ്ട്രീയ പാർട്ടിയുടെയോ സർക്കാരുകളുടെയോ ആഭിമുഖ്യത്തിലല്ല സംഘടിപ്പിക്കപ്പെടേണ്ടത്. ഇന്ത്യ ഒരു മതനിരപേക്ഷ രാജ്യമാണ്. സർക്കാർ സംവിധാനങ്ങൾ ഏതെങ്കിലുമൊരു മതത്തിനു പ്രാധാന്യം നൽകി പ്രവർത്തിക്കുന്നത് ഭരണഘടനാ ലംഘനമാണ്. രാമക്ഷേത്ര നിർമാണം ഒരു ട്രസ്റ്റ് നടത്തണമെന്നാണ് സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ, അത് സർക്കാരാണ് നിർമിക്കുന്നത് എന്ന തരത്തിലുള്ള പൊതുധാരണ സൃഷ്ടിക്കുവാനാണ് മോദിയും കൂട്ടരും ശ്രമിക്കുന്നത്. വിവിധ മതവിഭാഗങ്ങളെ പ്രീണിപ്പിക്കുന്ന സമീപനമല്ല രാഷ്ട്രീയ പാർട്ടികൾക്ക് ഉണ്ടാവേണ്ടത്.

മുസ്‌ലിം സമുദായത്തെയും ഇതര ന്യൂനപക്ഷങ്ങളെയും പ്രകോപനങ്ങളിൽ കുരുക്കി യഥാർഥ നവോത്ഥാനങ്ങളിൽ നിന്നും അവരെ തടഞ്ഞുനിർത്താനുള്ള ഗൂഢശ്രമങ്ങൾ സംഘപരിവാർ നിർവഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരൊരുക്കുന്ന അജണ്ടകളായിരിക്കരുത് നമ്മുടെ പാതയെ നിശ്ചയിക്കേണ്ടത്. രാഷ്ട്രീയ, ഉദ്യോഗസ്ഥ പൊതുമേഖലകളിൽ ശക്തമായ സാന്നിധ്യം ഉറപ്പാക്കാനുള്ള ശ്രമങ്ങൾക്കാണ് സമയം കണ്ടെത്തേണ്ടത്. പ്രകോപനങ്ങളല്ല, പക്വതയാർന്ന പ്രതികരണങ്ങളാണ് ആവശ്യമായിട്ടുള്ളത്. ബാബരി മസ്ജിദ് തകർന്നപ്പോഴും വളരെ പക്വമായ നിലപാടുകൾ സ്വീകരിച്ച പാരമ്പര്യമാണ് രാജ്യത്തെ മുസ്‌ലിംകൾക്കുള്ളത്. കോടതിയുടെ അന്തിമവിധി വന്നപ്പോഴും പ്രകോപിതരായില്ല. പക്വതയോടെയും വിവേകത്തോടെയും എല്ലാ വിഭാഗങ്ങൾക്കും വേണ്ടി പ്രവർത്തിക്കുവാനുള്ള കരുത്ത് നാം നേടിയെടുക്കുക. ബാബരി മസ്ജിദ് ഒരു കാലത്തും രാജ്യത്തെ മതേതരവിശ്വാസികളുടെ മനസ്സിൽനിന്നും മായുകയില്ല. അതോടൊപ്പം പുതിയ കാലങ്ങളിലെ പുതിയ വെല്ലുവിളികളെ തിരിച്ചറിഞ്ഞു രാജ്യത്ത് വീണ്ടും ജനാധിപത്യവും മതനിരപേക്ഷതയും തിരിച്ചുകൊണ്ടുവരാനുള്ള യജ്ഞം തുടരേണ്ടതുണ്ട്. അതിനായി രാജ്യത്തെ ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും അടക്കമുള്ള സകല ജനങ്ങളും ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടതുണ്ട്. മനസ്സുകളിൽനിന്നും വർഗീയതയെയും സ്വജനപക്ഷപാതിത്വങ്ങളെയും പിഴുതെറിഞ്ഞു നല്ല മനുഷ്യരായിത്തീരാൻ ശ്രമിക്കുക. രാമക്ഷേത്രത്തിന്റെ പേരിൽ സംഘപരിവാർ ഉയർത്തുന്ന പുതിയ രാഷ്ട്ര, രാഷ്ട്രീയ സങ്കൽപങ്ങളായിരിക്കരുത് രാജ്യത്തിന്റെ ഭാവിയെ നിശ്ചയിക്കേണ്ടത് എന്ന തിരിച്ചറിവ് ഇനിയുള്ള കാലങ്ങളിൽ നാം സൂക്ഷിച്ചുവെക്കുക.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ലേഖനം

മനുഷ്യൻ ക്വുർആനിൽ 4



# മനുഷ്യന്റെ മുഖ്യശത്രു

**7. മനുഷ്യന്റെ കൂടെ ശത്രുവുണ്ട്**

തന്റെമേൽ അർപ്പിതമായ ബാധ്യതകൾ കഴിയുംവിധത്തിൽ പാലിച്ചുജീവിക്കുന്നവർക്കാണ് പരലോകരക്ഷയുള്ളത് എന്നാണ് ക്വുർആൻ മനുഷ്യനെ പഠിപ്പിക്കുന്നത്. എന്നാൽ ഈ രക്ഷയിലേക്കുള്ള മാർഗം അത്ര എളുപ്പമുള്ളതല്ല. കാരണം നല്ലതും ചീത്തയും തെരഞ്ഞെടുക്കാനുള്ള വിവേചനശക്തി നൽകിയ അല്ലാഹു മനുഷ്യന്റെ ഈ ഇഹലോകജീവിതത്തെ ഒരു പരീക്ഷണകാലമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്:

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 67:2).

ആദം നബി(عليه السلام)യെ അല്ലാഹു സൃഷ്ടിച്ചതും സ്വർഗത്തിൽ പ്രവേശിപ്പിച്ചതും പിന്നീട് ആദമിനെയും ഇണയെയും തന്റെ പ്രഥമ ശത്രുവായ പിശാച് വഴിതെറ്റിച്ചതും അങ്ങനെ എല്ലാവരെയും ഇഹലോകത്തേക്ക് ജീവിക്കാൻ വിട്ടതും ക്വുർആൻ വിവരിക്കുന്നുണ്ട്. പിശാച് ഭൂമിയിൽ മനുഷ്യസമൂഹത്തെ സന്മാർഗത്തിൽ നിന്ന് വഴിതെറ്റിക്കാൻ കഴിവതും ശ്രമിച്ചുകൊണ്ടിരിക്കുമെന്നും ക്വുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

"തീർച്ചയായും നാം നിങ്ങളെ സൃഷ്ടിക്കുകയും നിങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. പിന്നീട് നാം മലക്കുകളോട് പറഞ്ഞു: നിങ്ങൾ ആദമിനെ പ്രണമിക്കുക. അവർ പ്രണമിച്ചു; ഇബ്‌ലീസൊഴികെ. അവൻ പ്രണമിച്ചവരുടെ കൂട്ടത്തിലായില്ല. അവൻ (അല്ലാഹു) പറഞ്ഞു: ഞാൻ നിന്നോട് കൽപിച്ചപ്പോൾ സുജൂദ് ചെയ്യാതിരിക്കാൻ നിനക്കെന്ത് തടസ്സമായിരുന്നു? അവൻ പറഞ്ഞു: ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽനിന്നും. അവൻ (അല്ലാഹു) പറഞ്ഞു: നീ ഇവിടെനിന്ന് ഇറങ്ങിപ്പോകുക. ഇവിടെ നിനക്ക് അഹങ്കാരം കാണിക്കാൻ പറ്റുകയില്ല. തീർച്ചയായും നീ നിന്ദ്യരുടെ കൂട്ടത്തിലാകുന്നു" (ക്വുർആൻ 7:11-13).

മനുഷ്യന്റെ തുടക്കത്തിൽ അദൃശ്യലോകത്തുണ്ടായ സംഭവമാണ് ക്വുർആൻ സൂചനയായി വിവരിച്ചത്. മനുഷ്യസൃഷ്ടിയുടെ ആരംഭത്തോടൊപ്പം തന്നെ അവനൊരു ശത്രുകൂടി ഉണ്ടായിരിക്കുന്നു എന്ന് വ്യക്തമാണ്. ആ ശത്രുവാണ് ഇബ്‌ലീസ്. മനുഷ്യനോടുള്ള സമീപനത്തിൽ ഇബ്‌ലീസിന്റെ നിലപാട് ക്വുർആൻ വ്യക്തമാക്കുന്നു:

"അവൻ (ഇബ്‌ലീസ്) പറഞ്ഞു: മനുഷ്യർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ നീ എനിക്ക് അവധിനൽകേണമേ. അവൻ (അല്ലാഹു) പറഞ്ഞു: തീർച്ചയായും നീ അവധി നൽകപ്പെട്ടവരുടെ കൂട്ടത്തിലാകുന്നു. അവൻ (ഇബ്‌ലീസ്) പറഞ്ഞു:

നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുകതന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല" (ക്വുർആൻ 7:14-17).

ഇതാണ് മനുഷ്യന്റെ അവസ്ഥ! ബുദ്ധിയും വിവേചനശേഷിയും ജ്ഞാനവും എല്ലാമുണ്ടെങ്കിലും ശക്തനായ ഒരു ശത്രു അവനെ എപ്പോഴും പിന്തുടരുന്നുണ്ട്. മനുഷ്യന്റെ രക്തംസഞ്ചരിക്കുന്ന ഇടങ്ങളിൽപോലും സഞ്ചരിക്കാൻ കഴിയുന്ന ശത്രുവാണവൻ. ആ ശത്രുവലയിൽനിന്ന് രക്ഷപ്പെടാൻ ചുരുക്കമാളുകൾക്കേ കഴിയൂ. പരമ വഞ്ചകനാണവൻ:

"...നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു" (ക്വുർആൻ 4:83).

മനുഷ്യന്റെ ജന്മശത്രുവായ പിശാച് അല്ലാഹുവിനെ വെല്ലുവിളിച്ചുകൊണ്ടാണ് പിഴപ്പിക്കാനിറങ്ങിയത്. എല്ലാവിധ തിന്മകൾക്കും മാനസികപ്രേരണ നൽകുന്നത് അവനാണ് എന്ന് ക്വുർആൻ പഠിപ്പിക്കുന്നു. ഒരു സത്യവിശ്വാസിയുടെ ജീവിതം മുഴുക്കെ പിശാചുമായുള്ള സംഘട്ടനത്തിലാണ്. എപ്പോഴും താൻ സമ്പൂർണനാണെന്നും തെറ്റുപറ്റുകയില്ലെന്നുമുള്ള അഹങ്കാരബോധം മനുഷ്യമനസ്സിൽ ജനിപ്പിക്കുകയാണവൻ ചെയ്യുക. അതോടെ സ്വയം തിരുത്തുവാനോ പാപമോചനം (ഇസ്തിഗ്ഫാർ) തേടാനോ മനുഷ്യന് തോന്നുകയില്ല. താൻ ചെയ്യുന്നത് തന്നെ ശരി എന്ന വിചാരം അവനെ പിടികൂടും.

'പിശാച് അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായിതോന്നിച്ചു' എന്ന് ക്വുർആനിൽ പലയിടങ്ങളിലും കാണാം. അല്ലാഹുവിനോട് പിശാച് തർക്കിക്കുന്ന കാര്യം ക്വുർആൻ വിവരിക്കുന്നത് കാണുക:

"അവൻ പറഞ്ഞു: എന്നെക്കാൾ നീ ആദരിച്ചിട്ടുള്ള ഇവനാരെന്ന് നീ എനിക്ക് പറഞ്ഞുതരൂ. തീർച്ചയായും ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ നീ എനിക്ക് അവധി നീട്ടിത്തരുന്ന പക്ഷം, ഇവന്റെ സന്തതികളിൽ ചുരുക്കം പേരൊഴിച്ച് എല്ലാവരെയും ഞാൻ കീഴ്പെടുത്തുക തന്നെ ചെയ്യും" (17:62).

"അവൻ (അല്ലാഹു) പറഞ്ഞു: നീ പോയിക്കൊള്ളൂ. അവരിൽനിന്ന് വല്ലവരും നിന്നെ പിന്തുടരുന്ന പക്ഷം നിങ്ങൾക്കെല്ലാമുള്ള പ്രതിഫലം നരകം തന്നെയായിരിക്കും. അതെ; തികഞ്ഞ പ്രതിഫലം തന്നെ" (17:63).

"അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കിവിട്ടുകൊള്ളുക. അവർക്കെതിരിൽ നിന്റെ കുതിരപ്പടയെയും കാലാൾപ്പടയെയും നീ വിളിച്ചുകൂട്ടുകയും ചെയ്തുകൊള്ളുക. സ്വത്തുക്കളിലും സന്താനങ്ങളിലും നീ അവരോടൊപ്പം പങ്കുചേരുകയും അവർക്കു നീ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തുകൊള്ളുക. പിശാച് അവരോട് ചെയ്യുന്ന വാഗ്ദാനം വഞ്ചന മാത്രമാകുന്നു" (17:64).

മതബോധത്തെയും ഭക്തിയെയും കൂട്ടിക്കെട്ടി, ശിർക്കും (അല്ലാഹുവിൽ പങ്കുചേർക്കൽ) ബിദ്അത്തും (അനാചാരങ്ങൾ) കൂട്ടിക്കലർത്തി പ്രതിഫലം നഷ്ടപ്പെടുത്തുക എന്നതാണ് വിശ്വാസികളെകൊണ്ട് പിശാച് ചെയ്യുന്ന ഏറ്റവും വലിയ വഞ്ചന.

"(നബിയേ) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നതാണ്." (18:103,104)

"(നബിയേ,) ആ മൂടുന്ന സംഭവത്തെ സംബന്ധിച്ച വർത്തമാനം നിനക്ക് വന്നുകിട്ടിയോ? അന്നേ ദിവസം ചില മുഖങ്ങൾ താഴ്മകാണിക്കുന്നതും പണിയെടുത്ത് ക്ഷീണിച്ചതുമായിരിക്കും. ചൂടേറിയ അഗ്നിയിൽ അവ പ്രവേശിക്കുന്നതാണ്." (88:1-4).

മനുഷ്യനിൽ പിശാചിന്റെ സ്വാധീനം വ്യാപകമായതുകൊണ്ടാണ് പിശാചിൽനിന്നുള്ള രക്ഷതേടൽ ജീവിതത്തിൽ എല്ലായ്പ്പോഴും ചെയ്യാൻ അല്ലാഹുവും റസൂലും കൽപിച്ചത്.

"നീ പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽനിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ (പിശാചുക്കൾ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽനിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷതേടുന്നു" (23:97,98).

"പിശാചിൽനിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചുകളയുന്ന പക്ഷം അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻതന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും" (41:36).

"നീ ക്വുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക" (16:98).

പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാണെന്നും അവനെ എപ്പോഴും ഒരു ശത്രുവായിത്തന്നെ നിങ്ങൾ കാണണമെന്നും ക്വുർആൻ കൽപിച്ചിരിക്കുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു" (2:208).

"തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായി ത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടി മാത്രമാണ്" (35:6).

മനുഷ്യന്റെ വികാരവിചാരങ്ങളെവരെ സ്വാധീനിക്കാൻ കഴിയുന്ന ഒരു മുഖ്യശത്രുവിന്റെ നിത്യസാന്നിധ്യത്തെപ്പറ്റി മനുഷ്യൻ സദാ ബോധവാനാകണമെന്നാണ് ഇവ നമ്മെ പഠിപ്പിക്കുന്നത്. അവസാനം പരലോകത്തെത്തുമ്പോൾ പിശാച് തന്റെ യഥാർഥ നിറം പ്രകടിപ്പിക്കുന്നത് ക്വുർആനിൽ അല്ലാഹു വിവരിക്കുന്നു:

"കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ പിശാച് പറയുന്നതാണ്: തീർച്ചയായും അല്ലാഹു നിങ്ങളോട് ഒരു വാഗ്ദാനം ചെയ്തു; സത്യവാഗ്ദാനം. ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു. എന്നാൽ നിങ്ങളോട് (ഞാൻ ചെയ്ത വാഗ്ദാനം) ഞാൻ ലംഘിച്ചു. എനിക്ക് നിങ്ങളുടെമേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചു. അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകി എന്നുമാത്രം. ആകയാൽ, നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക. എനിക്ക് നിങ്ങളെ സഹായിക്കാനാവില്ല. നിങ്ങൾക്ക്എന്നെയും സഹായിക്കാനാവില്ല. മുമ്പ് നിങ്ങൾ എന്നെ പങ്കാളിയാക്കിയിരുന്നതിനെ ഞാനിതാ നിഷേധിച്ചിരിക്കുന്നു. തീർച്ചയായും അക്രമകാരികളാരോ അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്" (14:22).

### 8. മനുഷ്യൻ മനക്കരുത്തുള്ളവൻ

ഏതു മഹാശത്രുവിന്റെ മുമ്പിലും, ഏതു അപകടമുഖത്തും ഉറച്ചുനിൽക്കാൻ മനുഷ്യന്ന് കഴിയുമെന്ന് പല സന്ദിഗ്ധ ഘട്ടങ്ങളിലെയും മനുഷ്യന്റെ ശക്തമായ നിലപാടുകളുദ്ധരിച്ചുകൊണ്ട് ക്വുർആൻ വെളിപ്പെടുത്തുന്നുണ്ട്. ഈമാൻ (വിശ്വാസം) ദൃഢമാണെങ്കിൽ അവൻ പേടിക്കുകയില്ല. നിരാശപ്പെടുകയില്ല. ആദർശം അടിയറവുവെക്കുകയില്ല. മലപോലെ ഉറച്ചുനിൽക്കാൻ അവന്നു മനക്കരുത്തുണ്ടായിരിക്കും. ആദമിന്റെ രണ്ടു മക്കൾ (ഇവരുടെ പേര് ഹാബീൽ എന്നും ഖാബീൽ എന്നും ആയിരുന്നുവെന്ന് മിക്ക വ്യാഖ്യാതാക്കളും പറഞ്ഞിട്ടുണ്ട്) തമ്മിലുണ്ടായ സംഭാഷണം ക്വുർആൻ ഉദ്ധരിക്കുന്നത് കാണുക:

"എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈനീട്ടിയാൽതന്നെയും, നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈനീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു" (5:28).

തെറ്റുകാരനായ സഹോദരനോട് പ്രതികാരത്തിന്ന് മുതിരാതെ റബ്ബിനെ ഭയപ്പെടുന്നു എന്നു പറഞ്ഞ് മാറിനിൽക്കുന്ന ഒരു ആദ്യമനുഷ്യനെയാണിവിടെ നാം കാണുന്നത്.

"ആ കിടങ്ങിന്റെ ആൾക്കാർ നശിച്ചു പോകട്ടെ. അതായത് വിറകുനിറച്ച തീയുടെ ആൾക്കാർ. അവർ അതിങ്കൽ ഇരിക്കുന്നവരായിരുന്ന സന്ദർഭം. സത്യവിശ്വാസികളെക്കൊണ്ട് തങ്ങൾ ചെയ്യുന്നതിന് അവർ ദൃക്സാക്ഷികളായിരുന്നു. പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നു എന്നത് മാത്രമായിരുന്നു അവരുടെ (സത്യവിശ്വാസികളുടെ) മേൽ അവർ (മർദകർ) ചുമത്തിയ കുറ്റം" (85:4-8).

സത്യവിശ്വാസം സ്വീകരിച്ച ഒരുകൂട്ടം ആളുകളെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ വേണ്ടി അവിശ്വാസികൾ ഒരുക്കിയ തീ കുണ്ഡത്തിനു മുമ്പിൽ പതറാതെ രക്തസാക്ഷിത്വംവഹിച്ച ജനങ്ങളെക്കുറിച്ചാണിവിടെ പറയുന്നത്. വിശ്വാസികൾ തീയിൽ കിടന്ന് വെന്തുമരിക്കുന്നത് ആ മർദകർ കണ്ടാസ്വദിക്കുകയായിരുന്നു. പൂർവകാലത്തുണ്ടായ ഒരു സംഭവമാണിവിടെ സൂചിപ്പിക്കുന്നത്.

"എത്രയെത്ര പ്രവാചകൻമാരോടൊപ്പം അനേകം ദൈവദാസൻമാർ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട യാതൊന്നുകൊണ്ടും അവർ തളർന്നില്ല. അവർ ദൗർബല്യം കാണിക്കുകയോ ഒതുങ്ങിക്കൊടുക്കുകയോ ചെയ്തില്ല. അത്തരം ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു" (3:146).

"അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവർ(വിശ്വാസികൾ)ക്കുണ്ടായതു പോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കയാണോ? പ്രയാസങ്ങളും ദുരിതങ്ങളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും എന്ന് അവരിലെ ദൈവദൂതനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും പറഞ്ഞുപോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്തു തന്നെയുണ്ട്" (2:214).

വളരെ നിസ്സാരമായ പ്രലോഭനങ്ങൾക്കു മുമ്പിൽ അടിപതറുന്ന ദുർബലനായ മനുഷ്യനെയും, അതേയവസരം അതിഭീകരമായ പ്രതിസന്ധികൾക്കു മുമ്പിൽ അടിയുറച്ചുനിൽക്കുന്ന ശക്തനായ മനുഷ്യനെയും ക്വുർആൻ പരിചയപ്പെടുത്തിത്തരുന്നു. എന്നിട്ട് നാമെന്തുവേണമെന്ന് അല്ലാഹു പറയുന്നു:

"മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (91:7-10). **(തുടരും)**

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



ലേഖനം

ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി: പണ്ഡിതലോകത്തെ വിസ്മയ സാന്നിധ്യം 2

# ഉമറാബാദിൽനിന്നും മദീനയിലേക്ക് വളർന്ന പണ്ഡിത വിസ്മയം

ഇന്ത്യ പോലെയുള്ള വിവിധമതങ്ങളും കടുത്ത ജാതിവ്യവസ്ഥകളും അവിശ്വസനീയമായ സമ്പ്രദായങ്ങളും നാട്ടാചാരങ്ങളും നിലനിൽക്കുന്ന ഒരു സാമൂഹിക അന്തരീക്ഷത്തിൽ ജനിക്കുകയും സ്വയംപഠനത്തിലൂടെ ഇസ്‌ലാമിനെ തിരിച്ചറിയുകയും ചെറുപ്രായത്തിൽതന്നെ ഇസ്‌ലാമിന്റെ വഴിയിലേക്ക് കടന്നുവരികയും പരീക്ഷണങ്ങളിലൂടെ ജീവിക്കേണ്ടി വരികയും ചെയ്തിട്ടും ഉയർച്ചയുടെ പടവുകൾ ഓരോന്നായി താണ്ടിക്കയറിയ വെള്ളിനക്ഷത്രമാണ് ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി.

## ഉമറാബാദിലെ പഠനകാലം

ഉമറാബാദിൽ എത്തിയ യുവാവിനെ അവിടുത്തെ പണ്ഡിതന്മാരും അധികാരികളും ചേർന്ന് ഉചിതമായ രീതിയിൽ സ്വീകരിച്ചു. അദ്ദേഹം ചേർന്നത് മത താരതമ്യപഠന വിഭാഗത്തിലായിരുന്നു. വിവിധ മതങ്ങളിൽനിന്ന് കടന്നുവരുന്ന വിദ്യാർഥികൾ ആദ്യഘട്ടത്തിൽ പഠിക്കാറുണ്ടായിരുന്നത് ഈ വിഭാഗത്തിലായിരുന്നു. ഇവിടെവെച്ച് തന്റെ നിരന്തര പഠനവും കഠിനാധ്വാനവും കൊണ്ട് അദ്ദേഹം ഏവരുടെയും പ്രശംസ പിടിച്ചുപറ്റുകയും വളരെ വേഗത്തിൽ അറബി, ഉറുദു ഭാഷകൾ സ്വായത്തമാക്കുകയും ചെയ്തു. തുടർന്ന് ഉപരിപഠനത്തിനായി അവിടുത്തെ ഉന്നതകോളേജിൽ അഡ്മിഷൻ നേടുകയും പഠനം തുടങ്ങുകയും ചെയ്തു. മറ്റുള്ള കുട്ടികളോടൊപ്പം എത്തണമെങ്കിൽ ഇസ്‌ലാമികേതര പശ്ചാത്തലത്തിൽനിന്ന് വരുന്ന ഞാൻ കൂടുതൽ പ്രയത്നിക്കണമെന്ന ബോധം അദ്ദേഹത്തിനുണ്ടായിരുന്നു. വായനക്കും പഠനത്തിനും മനനത്തിനും വേണ്ടി ഉറക്കമൊഴിഞ്ഞ ദിനരാത്രങ്ങളായിരുന്നു ഉമറാബാദിലെ പഠനകാലം എന്ന് ആത്മകഥയിൽ ശൈഖ് അനുസ്മരിക്കുന്നുണ്ട്. 7 വർഷത്തെ കഠിന പരിശ്രമങ്ങൾക്കൊടുവിൽ ഡിഗ്രി പഠനം ഉയർന്ന മാർക്കോടെ അദ്ദേഹം പൂർത്തിയാക്കി. ഈ ആപ്തവാക്യം പ്രസക്തമാണ്: 'ഏതൊരാൾക്കും പദവി ലഭിക്കുക കഠിനാധ്വാനംകൊണ്ട് മാത്രമാണ്, ഉയർച്ച ആഗ്രഹിക്കുന്നവരൊക്കെ ഉറക്കം വെടിഞ്ഞ് പരിശ്രമിച്ചവരായിരിക്കും.'

## മദീന മുനവ്വറയിൽ

ഉമറാബാദിലെ പഠനം പൂർത്തിയാക്കിയപ്പോഴേക്കും ശൈഖ് ഉസ്താദുമാരുടെയും പണ്ഡിതന്മാരുടെയും സഹപാഠികളുടെയും സ്നേഹഭാജനമായി മാറിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമവും കഠിനാധ്വാനവും വിജ്ഞാനത്തോടുള്ള അടങ്ങാത്ത ആഗ്രഹവും കണ്ടറിഞ്ഞ് ഉമറാബാദിലെ പണ്ഡിതനും തന്റെ നാട്ടുകാരനുമായ അല്ലാമാ ഹബീബ് റഹ്മാൻ തന്റെ ശിഷ്യനു വേണ്ടി അക്കാലത്തെ സൗദി ഗ്രാൻഡ് മുഫ്തിയും വിശ്വപ്രസിദ്ധ പണ്ഡിതനും മദീന യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ ശൈഖ് അബ്ദുല്ലാഹിബ്നു ബാസിന് ഒരു കത്തെഴുതുകയും തന്റെ അരുമശിഷ്യന്റെ ആഗ്രഹം കണക്കിലെടുത്ത് മദീനയിലെ ജാമിഅ ഇസ്‌ലാമിയ്യയിൽ അഡ്മിഷൻ നൽകണം എന്ന് അഭ്യർഥിക്കുകയും ചെയ്തു.

ശൈഖ് ഇബ്നുബാസ് ഈ അഭ്യർഥന സ്വീകരിക്കുകയും അഡ്മിഷൻ നൽകുകയും ചെയ്തു. ഉമറാബാദ് എന്ന ദക്ഷിണേന്ത്യയിലെ ഗ്രാമത്തിൽനിന്നും ലോകത്തിലെ മുസ്‌ലിംകളുടെ വൈജ്ഞാനിക ആസ്ഥാനമായ മദീനയിലേക്കുള്ള യാത്ര സന്തോഷത്തോടെ ശൈഖ് ആരംഭിക്കുകയും ചെയ്തു.

മദീന യൂണിവേഴ്സിറ്റിയിലെത്തിയ ശൈഖ് ചേർന്നത് അവിടത്തെ മതപഠന കോളേജിലാണ്. ഉമറാബാദിലെ പോലെത്തന്നെ തന്റെ നിരന്തര പരിശ്രമവും കഠിനാധ്വാനവും ശൈഖ് മദീനയിൽ പിൻതുടർന്നു. വിവിധ വിജ്ഞാനങ്ങളുടെ മേഖലകളിലേക്കുള്ള വാതിലുകൾ അവിടെ തുറന്നുകിട്ടി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പണ്ഡിതന്മാരും വിദ്യാർഥികളുമായി സഹവസിക്കുവാനും അവരുടെയെല്ലാം അറിവിന്റെ ആഴിയിൽനിന്ന് മതിവരുവോളം നുകർന്ന് അറിവിനോടുള്ള ദാഹം ശമിപ്പിക്കാനുമുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ വിജയിച്ചുകൊണ്ടേയിരുന്നു.

ശരീഅ കോളേജിലെ പഠനശേഷം ഉയർന്ന മാർക്കോടുകൂടി പാസായ ശൈഖ് മക്കയിലെ കിംഗ് അബ്ദുൽ അസീസ് യൂണിവേഴ്സിറ്റിയിൽ മാസ്റ്റർ പഠനത്തിനായി ചേർന്നു. തന്റെ ഇഷ്ടമേഖല ഹദീഥ് വിജ്ഞാനമാണെന്ന് തിരിച്ചറിഞ്ഞ ശൈഖ് മാസ്റ്റർ പഠനത്തിനായുള്ള തിസീസ് തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്തത് നബിﷺയിൽ നിന്നും കൂടുതൽ ഹദീഥുകൾ റിപ്പോർട്ട് ചെയ്ത സ്വഹാബിവര്യനായ അബൂഹുറയ്റ﵁യെക്കുറിച്ചായിരുന്നു. ഈ പഠനം അദ്ദേഹത്തെ ഹദീഥ് വിജ്ഞാനരംഗത്ത് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാൻ പ്രേരിപ്പിക്കുകയുണ്ടായി. പിൽക്കാലത്ത് അതിന്റെ വലിയ ഗുണഫലങ്ങൾ മുസ്‌ലിം ലോകത്തിന് ലഭിക്കുകയും ചെയ്തു.

മാസ്റ്റർ പഠനത്തിനുശേഷം മക്ക കേന്ദ്രമായി ലോകത്തെ മുസ്‌ലിം ചലനങ്ങൾക്ക് നേതൃത്വം നൽകുന്ന റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമിയിൽ ജോലിയിൽ പ്രവേശിച്ചു. അവിടെ ജോലിയിൽ തുടരുമ്പോഴും അദ്ദേഹത്തിന്റെ വിജ്ഞാന തൃഷ്ണ അവസാനിച്ചിട്ടുണ്ടായിരുന്നില്ല.

തുടർന്ന് പി.എച്ച്.ഡി പഠനത്തിന് ചേരുകയും മുഹമ്മദ് നബിയെ കുറിച്ചുള്ള ആഴമേറിയ പഠനത്തിലൂടെ പി.എച്ച്.ഡി കരസ്ഥമാക്കുകയും ചെയ്തു.

വൈജ്ഞാനിക മേഖലയുടെ അക്കാദമിക മികവുകളിൽ ഏറ്റവും ഉയരത്തിൽ എത്തിയ ശൈഖിന് പിന്നീട് നിർവഹിക്കാനുണ്ടായിരുന്നത് വൈജ്ഞാനിക സമർപ്പണത്തിന്റെ മേഖലകളായിരുന്നു. അതിലും അദ്ദേഹം മികവു പുലർത്തി എന്ന് ചരിത്രം രേഖപ്പെടുത്തും തീർച്ച.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം




അധ്യായം: 62, ഭാഗം: 3

# ജുമുഅ

(മദീനയിൽ അവതരിച്ചത്)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نُودِىَ
لِلصَّلَوٰةِ مِن يَوْمِ ٱلْجُمُعَةِ فَٱسْعَوْا۟ إِلَىٰ
ذِكْرِ ٱللَّهِ وَذَرُوا۟ ٱلْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ
إِن كُنتُمْ تَعْلَمُونَ ﴿٩﴾
فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى
ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ وَٱذْكُرُوا۟
ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾
وَإِذَا رَأَوْا۟ تِجَـٰرَةً أَوْ لَهْوًا ٱنفَضُّوٓا۟ إِلَيْهَا
وَتَرَكُوكَ قَآئِمًا ۚ قُلْ مَا عِندَ ٱللَّهِ خَيْرٌ مِّنَ ٱللَّهْوِ
وَمِنَ ٱلتِّجَـٰرَةِ ۚ وَٱللَّهُ خَيْرُ ٱلرَّٰزِقِينَ ﴿١١﴾

9. സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്‌കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ.

10. അങ്ങനെ നമസ്‌കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചു കൊള്ളുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

11. അവർ ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവയുടെ അടുത്തേക്ക് പിരിഞ്ഞ് പോകുകയും നിന്നനിൽപിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നതാണ്. നീ പറയുക: അല്ലാഹുവിന്റെ അടുക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹു ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു.

9). സത്യവിശ്വാസികളോട് ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കാനും അതിലേക്ക് വിളിക്കപ്പെടുമ്പോൾ ധൃതിയിലും വേഗത്തിലും പോകാനും നിർദേശിക്കുന്നു. ഇവിടെ سعي (വേഗത) കൊണ്ട് ഉദ്ദേശിക്കുന്നത് അതിനു നൽകേണ്ട ഗൗരവവും ഒരു പ്രധാന പ്രവൃത്തിയുമാണെന്നതുമാണ്. ഓട്ടമല്ല ഉദ്ദേശ്യം. അത് നമസ്കാരത്തിലേക്ക് പോകുമ്പോൾ നിഷിദ്ധമാണ്. (വ്യാപാരം ഒഴിവാക്കുകയും ചെയ്യുക) നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ കച്ചവടം ഉപേക്ഷിക്കുകയും ജുമുഅയിലേക്ക് പോവുകയും ചെയ്യണം. (അതാണ് നിങ്ങൾക്കുത്തമം) കച്ചവടത്തിൽ വ്യാപൃതരാകുന്നതിനെക്കാൾ. അല്ലെങ്കിൽ നിർബന്ധ നമസ്കാരങ്ങളിൽ ഏറ്റവും പ്രബലമായ ഒരു നമസ്കാരം നഷ്ടപ്പെടുത്തുന്നതിനെക്കാൾ എന്നർഥം.

(നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ) അല്ലാഹുവിന്റെ അടുക്കലുള്ളത് ഉത്തമവും ശേഷിക്കുന്നതുമാണ്. ദീനിനെക്കാൾ ദുനിയാവിന് പ്രാധാന്യം നൽകുന്നവർ യഥാർഥ നഷ്ടം സംഭവിച്ചവരാണ്. അവർ ലാഭിച്ചെന്നു വിചാരിച്ചാലും ശരി.

10). നമസ്കാരസമയത്ത് നിശ്ചിത സമയം കച്ചവടം ഉപേക്ഷിക്കണമെന്നാണ് ഇവിടെ കൽപന. (അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും ചെയ്യുക) സമ്പാദ്യത്തിനും കച്ചവടത്തിനും വേണ്ടി. കച്ചവടത്തിൽ നിരതരായവർ അല്ലാഹുവിന്റെ സ്മരണയിൽ അശ്രദ്ധരാവാൻ ഇടയുള്ളതുകൊണ്ടാണ് സ്മരണ അധികരിപ്പിക്കാൻ അല്ലാഹു കൽപിക്കുന്നത്. തുടർന്ന് പറയുന്നു: (നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക) അതായത് നിങ്ങളുടെ നിറുത്തത്തിലും ഇരുത്തത്തിലും കിടത്തത്തിലുമെല്ലാം. (നിങ്ങൾ വിജയം പ്രാപിച്ചേക്കാം) വിജയത്തിന്റെ കാരണങ്ങളിൽ ഏറ്റവുംവലുത് അല്ലാഹുവിന്റെ സ്മരണ തന്നെയാണ്.

11). (അവർ ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവയുടെ അടുത്തേക്ക് പിരിഞ്ഞുപോകുകയും) വിനോദത്തോടും കച്ചവടത്തോടുമുള്ള അതീവതാൽപര്യം കാരണം പള്ളിയിൽനിന്ന് പുറത്തുപോവുകയും നന്മ ഉപേക്ഷിക്കുകയും ചെയ്യുന്നു. (നിന്ന നിൽപിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നതാണ്) നീ ജനങ്ങളോട് ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കെ. വെള്ളിയഴ്ച ദിവസം നബിﷺ ജനങ്ങളോട് ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കെ. ഒരു കച്ചവട സംഘം മദീനയിലെത്തി. പള്ളിയിലായിരിക്കെ ജനങ്ങളതു കേട്ടപ്പോൾ പള്ളിയിൽ നിന്നും പിരിഞ്ഞുപോയി. ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കെ നബിﷺയെ ഉപേക്ഷിച്ച് ധൃതികാണിച്ച് പിരിഞ്ഞുപോയി. ഒരിക്കലും പാടില്ലാത്തതാണത്. മര്യാദകേടുമാണ്. (നീ പറയുക: അല്ലാഹുവിന്റെ അടുക്കലുള്ളത്) അല്ലാഹുവിന് ആരാധന ചെയ്യുന്നതിൽ സ്വന്തത്തെ ഉറപ്പിച്ചുനിർത്തിയവർക്കും നന്മയിൽ സ്ഥിരത കാണിച്ചവർക്കുമുള്ള പ്രതിഫലം. (വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാകുന്നു) ആ കച്ചവടം അവന് ചില നേട്ടങ്ങൾ നേടിക്കൊടുത്താലും ശരി. അത് അവസാനിക്കുന്നതും കുറഞ്ഞതും തന്നെയാണ്. പരലോകത്തെ നഷ്ടപ്പെടുത്തുന്നതും തന്നെയാണ്. എന്നാൽ അല്ലാഹുവിന് വിധേയമായി ജീവിക്കാനുള്ള ക്ഷമ ഉപജീവനത്തെ നഷ്ടപ്പെടുത്തുന്നതല്ല.

(അല്ലാഹു ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു) അല്ലാഹുവിനെ സൂക്ഷിക്കുന്നവന് അവൻ വിചാരിക്കാത്ത വഴികളിലൂടെ ഉപജീവനം നൽകും. ഈ വചനങ്ങളിൽനിന്ന് ലഭിക്കുന്ന ചില പ്രയോജനങ്ങൾ ഇവയാണ്:

ജുമുഅ വിശ്വാസികളുടെമേൽ നിർബന്ധമായതും അതിലേക്ക് വേഗത്തിൽ പോകലും അതിന് പ്രാധാന്യം നൽകലും അവരുടെ മേൽ ബാധ്യതയുമാണ്.

വെള്ളിയാഴ്ചകളിൽ രണ്ട് ഖുത്വുബ നിർബന്ധമാണ്. അതിൽ പങ്കെടുക്കൽ അനിവാര്യവുമാണ്. കാരണം الذكر (സ്മരണ) എന്നത് ഇവിടെ ഖുത്വുബയാണെന്ന് വ്യാഖ്യാനിച്ചിട്ടുണ്ട്). അതിലേക്ക് വേഗത്തിൽ പോകാൻ അല്ലാഹു കൽപിക്കുന്നു.

ജുമുഅക്ക് ബാങ്കുവിളി മതപരമായ ഒരു നിയമമാണ്. അതിന് കൽപിക്കുകയും ചെയ്തു.

വെള്ളിയാഴ്ച ബാങ്ക് വിളിച്ചതിനു ശേഷം വിൽപനയും വാങ്ങലും നിഷിദ്ധമാണ്. കാരണം അത് നിർബന്ധത്തെ നഷ്ടപ്പെടുത്തുന്നതും അശ്രദ്ധമാക്കുന്നതുമാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് അടിസ്ഥാനപരമായി അനുവദനീയമായ കാര്യങ്ങൾ പോലും ഒരു നിർബന്ധത്തെ നഷ്ടപ്പെടുത്തുന്നതാണെങ്കിൽ ആ അവസ്ഥയിൽ അത് അനുവദനീയമല്ല എന്നാണ്.

വെള്ളിയാഴ്ച ദിവസത്തെ രണ്ട് ഖുത്വുബകൾക്കും വരണമെന്ന് കൽപിക്കുകയും പങ്കെടുക്കാതിരിക്കുന്നതിനെ ആക്ഷേപിക്കുകയും ചെയ്യുന്നു. ആ രണ്ട് ഖുത്വുബയുടെ സന്ദർഭത്തിലും മൗനമായി ഇരിക്കൽ അനിവാര്യമാണ്.

മനസ്സ് വിനോദത്തിലും കച്ചവടങ്ങളിലും തിന്മകളിലും പങ്കെടുക്കാൻ താൽപര്യപ്പെടുന്ന സമയത്തും ഒരടിമ അല്ലാഹുവിനുള്ള ആരാധനക്ക് മുന്നോട്ടുവരേണ്ടത് നിർബന്ധമാണ്. തന്റെ ഇച്ഛയെക്കാൾ അല്ലാഹുവിന്റെ താൽപര്യത്തിന് മുൻഗണന നൽകിയും പ്രതിഫലത്തിൽ നിന്നും അല്ലാഹുവിന്റെ അടുക്കലുള്ളത് മനസ്സിൽ ഓർമിച്ചുമാവണം അത് ചെയ്യേണ്ടത്.




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 187 – ചോദ്യങ്ങൾ

1) 'ഹിദായത്തുൽ അദ്കിയാ' ആരുടെ ഗ്രന്ഥമാണ്?
   (1) അബുൽഹസൽ അലി നദ്‌വി  (2) ഇമാം ഗസ്സാലി  (3) ശൈഖ് സൈനുദ്ദീൻ മഖ്ദൂം

2) ലോകബാങ്ക് 2018ൽ തയ്യാറാക്കിയ 157 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം?
   (1) 115  (2) 100  (3) 112

3) "നീ ക്വുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക"
   (1) ക്വുർആൻ 16:28.  (2) ക്വുർആൻ 61:98.  (3) ക്വുർആൻ 16:98.

4) മാസ്റ്റർ പഠനത്തിനായുള്ള തിസീസ് തയ്യാറാക്കുന്നതിന് ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി തെരഞ്ഞെടുത്തത് നബി(സ്വ)യിൽ നിന്നും കൂടുതൽ ഹദീഥുകൾ റിപ്പോർട്ട് ചെയ്ത സ്വഹാബിവര്യനായ ..................യെക്കുറിച്ചായിരുന്നു.
   (1) അബൂഹുറയ്‌റ(റ)  (2) ഇബ്നുഅബ്ബാസ്(റ)  (3) ഇബ്നുമസ്ഊദ്(റ)

5) .................. ഡിസംബർ 22നായിരുന്നു ബാബരി മസ്ജിദിനകത്ത് വിഗ്രഹങ്ങൾ സ്ഥാപിച്ചത്.
   (1) 1940  (2) 1949  (3) 1960

6) എത്ര രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയാണ് അറബി?
   (1) 22  (2) 18  (3) 30

7) UGCയുടെ മുഴുവൻ രൂപം?
   (1) യൂണിവേഴ്സിറ്റി ഗ്രാന്റ് സർട്ടിഫിക്കറ്റ്  (2) യൂണിയൻ ഗ്രാന്റ് കമ്മീഷൻ  (3) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ

8) ഹിന്ദുത്വവാദികൾ ബാബരി പള്ളി തകർത്ത വർഷം?
   (1) 1992  (2) 1990  (3) 1989

9) "................... തീർച്ചയായും അല്ലാഹു നിങ്ങളോട് ഒരു വാഗ്ദാനം ചെയ്തു; സത്യവാഗ്ദാനം. ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു. എന്നാൽ നിങ്ങളോട് (ഞാൻ ചെയ്ത വാഗ്ദാനം) ഞാൻ ലംഘിച്ചു. എനിക്ക് നിങ്ങളുടെമേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചു. അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകി എന്നുമാത്രം. ആകയാൽ, നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട..." (ക്വുർആൻ 14:22). ഇത് ആരുടെ വാക്കായാണ് ക്വുർആനിൽ വന്നിട്ടുള്ളത്?
   (1) ഫിർഔൻ  (2) പിശാച്  (3) ഖാറൂൻ

10) അധ്യാപക-വിദ്യാർഥി അനുപാതം 15:1ൽനിന്ന് പുതിയ വിദ്യാഭ്യാസ നയത്തിൽ കേന്ദ്ര സർക്കാർ എത്രയായി ഉയർത്തിയിട്ടുണ്ട്?
   (1) 30:1  (2) 20:1  (3) 25:1

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

റശീദ് കുട്ടമ്പൂർ
mail@nerpatham.com

ലേഖനം

ദേശീയ വിദ്യാഭ്യാസ നയം: ആശയും ആശങ്കകളും 2



# ദേശീയ വിദ്യാഭ്യാസ നയം: പ്രായോഗികരംഗത്തെ പ്രതിസന്ധികൾ

ഗൗരവപൂർണമായ ചർച്ചകളും അഗാധമായ അപഗ്രഥനങ്ങളും ആവശ്യമായ ഒരു നയരേഖ, കോവിഡ് 19 സൃഷ്ടിച്ച ആധുനിക പ്രതിസന്ധിയുടെ ഘട്ടത്തിൽ ധൃതിപിടിച്ച് അവതരിപ്പിച്ചത് തികച്ചും ദുരൂഹമാണ്. സ്‌കൂൾ തലത്തിലെ പല നിർദേശങ്ങളും പ്രായോഗികതയുടെയും അവസ്ഥാ ബോധ്യത്തിന്റെയും അഭാവം കൊണ്ട് ശ്രദ്ധേയമാണെന്നത് കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിക്കുകയുണ്ടായി. രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സമ്പൂർണമായ ഒരു ഉടച്ചുവാർക്കൽ നിർദേശിക്കുന്നുണ്ട് നയരേഖയിൽ. ഈ പുനരാവിഷ്‌കാരത്തിന്റെ ലക്ഷ്യമായി NEP 2020 പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്:

Objective: Revamp the higher education system, create world class multidisciplinary higher education institutions across the country-increase Gross Enrolment Ration (GER) to at least 50% by 2035.

2018ലെ കണക്കുപ്രകാരം GER 26.3% മാത്രമാണ്. ഇന്ത്യയിൽ 26.5 കോടിയോളം പേർ 15 വയസ്സിനു മേൽ പ്രായമുള്ള നിരക്ഷരയുവജനങ്ങളാണ് എന്ന് നയരേഖതന്നെ വ്യക്തമാക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥയാണ് ഈ പതിതാവസ്ഥക്കു കാരണം. ഉന്നത വിദ്യാഭ്യാസരംഗത്ത് ഗവേഷക വിദ്യാർഥികളെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദമാണ് 'റിസർച്ച് സ്കോളർ' (Research Scholar). സ്കോൾ (scole) എന്ന ഗ്രീക്ക് പദത്തിന് 'ഒഴിവുസമയം' അഥവാ 'വിശ്രമവേള' (leisure) എന്നാണ് അർഥം. "Pursue knowledge in an atmosphere which is free from tension and material pressure of life'' (എല്ലാ മനഃസംഘർഷങ്ങളിൽ നിന്നും ജീവിത സമ്മർദങ്ങളിൽ നിന്നും മുക്തമായ അവസ്ഥയിൽ അറിവ് ആർജിക്കുക) എന്നതാണ് 'സ്കോളർഷിപ്പ്' കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ പണമില്ലാത്തവരെ സംബന്ധിച്ചിടത്തോളം ഉന്നത വിദ്യാഭ്യാസം എന്നത് അചിന്ത്യമാകും വിധം പഠനച്ചെലവുകൾ വർധിച്ചിരിക്കുകയാണ്. ഇതിനെ ഒന്നുകൂടി ശക്തിപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസം സമ്പന്നർക്കു മാത്രം എന്ന അവസ്ഥയിലേക്ക് ഉന്നത വിദ്യാഭ്യാസ മേഖലയെ എത്തിക്കുന്നതാണ് പുതിയ വിദ്യാഭ്യാസ നയരേഖ.

ഇന്ത്യയിലെ ജനസംഖ്യയിൽ 65 ശതമാനത്തിലേറെ പേർ തൊഴിൽപ്രായത്തിലുള്ളവരാണ്. എന്നാൽ മനുഷ്യമൂലധന സൂചികയിൽ നമ്മുടെ സ്ഥാനം വളരെ പിറകിലാണ്. ലോകബാങ്ക് 2018ൽ തയ്യാറാക്കിയ 157 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 115ാം സ്ഥാനത്താണുള്ളത്. മാറുന്ന ലോകഗതിയിൽ, മനുഷ്യവിഭവശേഷിയെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയതാണ് ചൈനയെപോലുള്ള രാജ്യങ്ങൾക്ക് ഏറെ മുന്നേറാൻ സഹായകമായത്. നീണ്ട 34 വർഷങ്ങൾക്കു ശേഷം അവതരിപ്പിക്കപ്പെടുന്ന ഒരു നയരേഖ എന്ന നിലയ്ക്ക് ഈ മേഖലയുമായി ബന്ധപ്പെട്ട് ശക്തവും ക്രിയാത്മകവുമായി നിർദേശങ്ങൾ പ്രതീക്ഷിച്ചവരെ തീർത്തും നിരാശപ്പെടുത്തുന്നു പുതുതായി അവതരിപ്പിക്കപ്പെട്ട വിദ്യാഭ്യാസ നയരേഖ.

ഉന്നത വിദ്യാഭ്യാസ മേഖലയെ സ്ഥാപനഘടനയുടെ (Institutional architecture) അടിസ്ഥാനത്തിൽ താഴെ കാണുംവിധം മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

1. ഗവേഷണ സർവകലാശാലകൾ (Research Universities). അന്തർദേശീയ നിലവാരമുള്ള ഗവേഷണ സ്ഥാപനങ്ങളാണിവ.

2. അധ്യാപന സർവകലാശാലകൾ (Teaching Universities). ബിരുദ-ബിരുദാനന്തര തലത്തിലും പ്രൊഫഷനൽ മേഖലയിലുമുള്ള പഠനത്തിനുള്ള സ്ഥാപനങ്ങളാണിവ.

3. സ്വയം ഭരണ കോളേജുകൾ (Autonomous Colleges).

ബിരുദ കോഴ്സുകളും പ്രൊഫഷനൽ ഡിപ്ലോമകളും സർട്ടിഫിക്കറ്റ് കോഴ്സുകളുമാണ് ഇവയുടെ പരിധിയിൽ വരുന്നത്. കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം അക്കാദമിക് രംഗത്ത് കാഴ്ചവെച്ചാൽ ഇവയ്ക്ക് 1,2 കാറ്റഗറിയിലേക്ക് ഉയരാം.

അഫിലിയേഷൻ രീതി ഒഴിവാക്കി 15 വർഷംകൊണ്ട് എല്ലാ കോളേജുകൾക്കും സ്വയംഭരണ പദവി നൽകുമെന്നാണ് വിദ്യാഭ്യാസനയം വ്യക്തമാക്കുന്നത്. ലക്ഷക്കണക്കിന് വിദ്യാർഥികൾക്ക് അവലംബമായിരുന്ന വിദൂരവിദ്യാഭ്യാസ സമ്പ്രദായ(Distance Education System)ത്തിന് മുൻകൂട്ടിത്തന്നെ കേന്ദ്ര സർക്കാർ കത്തിവെച്ചിട്ടുണ്ട്. പകരം ഓപ്പൺ യൂണിവേഴ്സിറ്റികളാണ് നിർദേശിക്കുന്നത്. കേരളത്തിൽ ശരാശരി രണ്ട് ലക്ഷത്തിലേറെ വിദ്യാർഥികൾ വിദൂരവിദ്യാഭ്യാസ രീതിയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. കേരളത്തിൽ നിലവിൽ ഓപ്പൺ യൂണിവേഴ്സിറ്റികൾ ഇല്ലതാനും.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (UGC), ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (AICTE) തുടങ്ങിയവയെ ഒഴിവാക്കിക്കൊണ്ട് ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (HECI) എന്ന അധികാര സംവിധാനത്തിനു കീഴിലായിരിക്കും ഉന്നത വിദ്യാഭ്യാസം. നിലവിലുള്ള കേന്ദ്രീയ സർവകലാശാലകൾ (Central Universities), എൻ.ഐ.ടി പോലുള്ള കേന്ദ്രസഹായത്തോടെ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ; ഇവയെയെല്ലാം നേരത്തെ സൂചിപ്പിച്ച ടൈപ്പ് 1 കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതുമാണ്. കോളേജുകളിലെയും യൂണിവേഴ്സിറ്റികളിലെയും ഗവേഷണ പഠനങ്ങളെ ശക്തിപ്പെടുത്തുകയും ആവശ്യമായ ഫണ്ട് സ്വരൂപിച്ചുനൽകുകയും ചെയ്യുന്നത് നേഷനൽ റിസർച്ച് ഫൗണ്ടേഷൻ (NRF) എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിലായിരിക്കുമെന്നും നയരേഖ വ്യക്തമാക്കുന്നു.

4 വർഷത്തെ ബിരുദ പഠന കോഴ്സാണ് NEPയിലെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന

നിർദേശം. സത്യത്തിൽ 4 വർഷ ഡിഗ്രി എന്നത് ശ്രീമതി സ്മൃതി ഇറാനി മാനവ വികസന വകുപ്പ് മന്ത്രിയായിരുന്ന കാലത്ത് ഡൽഹി യൂണിവേഴ്സിറ്റിയിൽ പരീക്ഷിച്ചു പരാജയപ്പെട്ടതാണ്. 4 വർഷത്തിനിടയിൽ 'മൾട്ടിപ്പിൾ എക്സിറ്റ് ഓപ്ഷൻ' എന്ന വാഗ്ദാനമുണ്ട്. അതായത് സൗകര്യപ്രദമായി ഏതു വർഷം പഠനം നിറുത്തിയാലും അനുയോജ്യമായ സർട്ടിഫിക്കറ്റുകൾ നൽകും. ഒരുവർഷ പഠനത്തിന് ഡിപ്ലോമ സർട്ടിഫിക്കറ്റ്, രണ്ടുവർഷം പൂർത്തിയാക്കിയാൽ അഡ്വാൻസ്ഡ് ഡിപ്ലോമ, മൂന്ന് വർഷമോ നാലു വർഷമോ പൂർത്തിയാക്കുന്നവർക്ക് 'ബാച്ചിലേഴ്സ് ഡിഗ്രി, നാലുവർഷ ഡിഗ്രി 'ബാച്ചിലേഴ്സ് ഡിഗ്രി വിത്ത് എ റിസർച്ച്' എന്ന നിലയിലുമായിരിക്കുമെന്ന് നയരേഖ വ്യക്തമാക്കുന്നു.

വിദ്യാഭ്യാസരംഗത്തെ നിരവധി മാറ്റങ്ങൾക്ക് വിധേയമാക്കുന്ന ഈ നിർദേശങ്ങളൊക്കെയും ഗണ്യമായ സാമ്പത്തിക ബാധ്യതകൾ വരുത്തിവെക്കുന്നവയാണ്. ആ മേഖലയിലെ വിഭവസമാഹരണത്തിന് വമ്പൻ കോർപറേറ്റുകളെ ഉപയോഗപ്പെടുത്തുകയും അതുവഴി ഭരണകക്ഷി ഇതഃപര്യന്തം തുടർന്നുവന്ന സ്വകാര്യവൽക്കരണത്തിനും കോർപ്പറേറ്റ് ബാന്ധവത്തിനും കൂടുതൽ ശക്തിപകരുകയും തന്നെയാണ് ലക്ഷ്യമാക്കുന്നതെന്ന് പുതിയ വിദ്യാഭ്യാസനയം ഒരാവർത്തി വായിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും.

Encourage Nonprofit, Public-spirited private funding in education എന്ന് പരാമർശിച്ചുകൊണ്ട് 'ഫിലാൻത്രോപിക് ആയി അത് നിർവഹിക്കുമെന്ന് ഉറപ്പു നൽകുന്നുണ്ട്. നയരേഖ പറയുന്നു: This include philanthropy by individuals (whether large or small scale,) Corporate social responsibility (CSR) funds of corporates and community mobilisation of funds. കഴിഞ്ഞ അഞ്ചാറു വർഷമായി ഉന്നത വിദ്യാഭ്യാസരംഗത്ത് സർക്കാർ ഫണ്ടുകൾ വെട്ടിക്കുറച്ചും സ്വകാര്യമേഖലക്ക് പുതിയ വാതിലുകൾ തുറന്നു കൊടുത്തും തടർന്നുവരുന്ന നയം, ഇനിയും കുറെ കൂടി 'പുരോഗമിക്കും' എന്നു വ്യക്തമാക്കുന്നതാണ് നയരേഖയിലെ താഴെ പറയുന്ന വരികൾ:

Corporate social responsibility should bring in substantial funds for education: Large business houses and industries should be encouraged to contribute to the national agenda on education. Appropriate pathways will be created to enable this.

GDPയുടെ 6% വിദ്യാഭ്യാസമേഖലക്കു വേണ്ടി നീക്കിവെക്കണമെന്നതാണ് മറ്റൊരു നിർദേശം. ഇത് 1966ലെ കോത്താരി കമ്മീഷൻ ആവശ്യപ്പെട്ട കാര്യം തന്നെയാണ്. ബഹു.നരേന്ദ്രമോഡിയുടെ സർക്കാർ വന്നശേഷം വിദ്യാഭ്യാസ രംഗത്തെ ഫണ്ടുകൾ പലതും വെട്ടിക്കുറക്കുകയാണുണ്ടായത്. 2014 മെയ് മുതൽ തുടർച്ചയായി താഴോട്ടുവന്നത് കണക്കുകൾ ബോധ്യപ്പെടുത്തിത്തരുന്നു. 2012-2013ൽ വിദ്യാഭ്യാസ ച്ചെലവ് GDPയുടെ 3.1% ആയിരുന്നു. അത് 2014-2015ൽ 2.8%വും 2015-2016ൽ 2.4%വും ആയി കുറഞ്ഞു.

സംസ്ഥാനങ്ങളുമായി ചേർന്നുകൊണ്ട് നിലവിലുള്ളതിന്റെ ഇരട്ടിയോളമായി തുക വർധിപ്പിക്കേണ്ട സമീപനം കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടാവണം എന്നർഥം. കേരളംപോലെയുള്ള, വിദ്യാഭ്യാസത്തിന് താരതമ്യേന കുടുതൽ തുക നീക്കിവെക്കുന്ന സംസ്ഥാനങ്ങൾ പോലും സമീപകാലത്തായി ഇക്കാര്യത്തിൽ പിറകോട്ടടിക്കുമ്പോൾ വിശേഷിച്ചും. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ ബജറ്റുവിഹിതം 2017-2018ൽ SDPയുടെ 17.5%ഉം 2018-2019ൽ 16.3%വും ആയിരുന്നെങ്കിൽ 2019-2020 ബജറ്റിലെ വിഹിതം 15% ആയി കുറച്ചിരിക്കുകയാണെന്ന് എക്കണോമിക് ടൈംസ് പുറത്തുവിട്ട കണക്കുകൾ സൂചിപ്പിക്കുന്നു. NPE 2020 നിർദേശിക്കുന്ന മാറ്റങ്ങൾ ഭീമമായ ചെലവുവരുന്നവയാണ്; അതിൽ ഏറെയും സംസ്ഥാനങ്ങൾ വഹിക്കേണ്ടവയും. എന്നാൽ മിക്ക സംസ്ഥാനങ്ങളുടേയും ധനസ്ഥിതി അനുകൂലമല്ല എന്നതാണ് വസ്തുത.

ഉന്നത വിദ്യാഭ്യാസരംഗത്തെ അധ്യാപകനിയമന കാര്യത്തിൽ വ്യാവസായിക രംഗത്തെ 'ഹയർ ആന്റ് ഫയർ പോളിസി' (Hire and fire policy)ക്കു സമാനമായ നയമാണ് നയരേഖ വ്യക്തമാക്കുന്നത്. Tenure track എന്ന് വിശേഷിപ്പിച്ചിരിക്കുന്ന നിയമനരീതി ഏകദേശം 5 വർഷ കാലയളവാണ് പ്രൊബേഷൻ സമയമായി കണക്കാക്കുന്നത്. ഫാക്കൽറ്റിയെ സംബന്ധിച്ച മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ മാറ്റം വരാം. സൂപ്പർവൈസർ, സഹപ്രവർത്തകർ, വിദ്യാർഥികൾ എന്നിവരിൽനിന്നുള്ള ഫീഡ്ബാക്ക് ഉൾപ്പെടെ വ്യത്യസ്ത ഡാറ്റകളുടെ അടിസ്ഥാനത്തിലുള്ള, വിവിധ പരാമീറ്ററുകളെ അവലംബമാക്കിയ സമ്പൂർണ മൂല്യനിർണയത്തിനു ശേഷമായിരിക്കും നിയമനം ഉറപ്പാക്കപ്പെടുക. അധ്യാപകനിയമനം അനിശ്ചിതത്വത്തിന്റെ ചരടിൽ കുടുക്കപ്പെടുമെന്നർഥം.

കൂടാതെ അധ്യാപക-വിദ്യാർഥി അനുപാതം 15:1ൽനിന്ന് ഇരട്ടിയാക്കി 30:1 എന്ന് ശുപാർശ ചെയ്യുന്നു. അധ്യാപന പ്രക്രിയയുടെ ഗുണനിലവാരത്തെ ഇത്തരം കാര്യങ്ങൾ എവ്വിധം ബാധിക്കുമെന്നത് പഠന വിധേയമാക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് ഡിജിറ്റലൈസേഷന് അമിതമായ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. കൂടാതെ ജി.ഇ.ആർ വർധിപ്പിക്കുന്നതിനു വേണ്ടി ഓപ്പൺ ലേണിംഗ് സിസ്റ്റത്തിന് ഏറെ പ്രോത്സാഹനം നൽകുന്നു. കോളേജ് വിദ്യാഭ്യാസരംഗത്ത് സാങ്കേതിക വിദ്യയുടെ ഉപയോഗം വർധിപ്പിക്കുന്നതിനുവേണ്ടി, നേഷനൽ എഡ്യുക്കേഷനൽ ടെക്നോളജി ഫോറം (NETF) എന്ന സ്വയംഭരണ സംവിധാനം രൂപീകരിക്കുമെന്നും വ്യക്തമാക്കുന്നു. നാഷനൽ ഹയർ എഡ്യുക്കേഷൻ റഗുലേറ്ററി അതോറിറ്റി (NHERA) എന്ന പരമാധികാര സംവിധാനത്തിനു കീഴിലാണ് പ്രൊഫഷനൽ ഉൾപ്പെടെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും. പൊതുമേഖലയെയും സ്വകാര്യമേഖലയെയും തുല്യമായി കാണുമെന്ന നിലപാട് തീർച്ചയായും കൂടുതൽ സ്വകാര്യ യൂണിവേഴ്സിറ്റികൾക്ക് നിലമൊരുക്കും. സർക്കാർ ഫണ്ടുകൾ സ്വീകരിക്കുന്ന അത്തരം സ്വകാര്യ യൂണിവേഴ്സിറ്റികളാവട്ടെ വിദ്യാർഥികളിൽനിന്ന് കനത്ത ഫീസ് ഈടാക്കുമെന്നതിൽ സംശയമില്ല.

സംസ്ഥാന ഗവൺമെന്റുകളുടെ അധികാരങ്ങൾ കുറക്കുകയും നിയന്ത്രണങ്ങൾ എല്ലാം കേന്ദ്രത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക എന്ന രീതിയാണെല്ലോ എൻ.ഡി.എ ഗവൺമെന്റിന്റെ നയങ്ങളിൽ നിന്നെല്ലാം വ്യക്തമാകുന്നത്. വിദ്യാഭ്യാസരംഗത്തും ഈ അധികാര പ്രയോഗം തന്നെയാണ് തത്ത്വത്തിൽ. പ്രധാനമന്ത്രി അധ്യക്ഷനായുള്ള രാഷ്ട്രീയ 'ശിക്ഷാ ആയോഗ്' എന്ന സമിതിയാണ് ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ പരമോന്നത ബോഡി. കേന്ദ്ര വിദ്യാഭ്യാസവകുപ്പ് മന്ത്രിയാണ് ഉപാധ്യക്ഷൻ. 20-30 അംഗങ്ങളുടെ സമിതിയിൽ ശേഷിക്കുന്നവരെല്ലാം നോമിനേറ്റഡ് അംഗങ്ങൾ. ഇവരെ നിയമിക്കുന്ന കമ്മിറ്റിയിലെ അംഗങ്ങൾ രാജ്യത്തെ പ്രധാനമന്ത്രി, സുപ്രിം കോടതി ചീഫ് ജസ്റ്റിസ്, ലോകസഭാസ്പീക്കർ പ്രതിപക്ഷ നേതാവ്, കേന്ദ്ര വിദ്യാഭ്യാസ മന്ത്രി എന്നിവരാണ്. കേന്ദ്രത്തിലെ രാഷ്ട്രീയ ശിക്ഷാ ആയോഗിനു കീഴിൽ സംസ്ഥാന മുഖ്യമന്ത്രി അധ്യക്ഷനായുള്ള 'രാജ്യശിക്ഷാ ആയോഗ്' രൂപീകരിക്കും. സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയും മറ്റു വിദഗ്ധരുമടങ്ങുന്ന ഈ സമിതിയിൽ കേന്ദ്ര രാഷ്ട്രീയ ശിക്ഷാ ആയോഗിലെ ഒരു സീനിയർ അംഗവും ഉൾപ്പെടും. കേന്ദ്രവുമായി കൂടിയാലോചിച്ചുകൊണ്ടാവണം സ്റ്റേറ്റ് ആർ.എസ്.എയുടെ പ്രവർത്തനം. പൂർണ സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളായി മാറുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണച്ചുമതല 'ബോർഡ് ഓഫ് ഗവർണേഴ്സിനാണ്' (BOG). ഇത് നേരത്തെ പറഞ്ഞ രാഷ്ട്രീയ ശിക്ഷാ അയോഗിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. അക്കാദമി കൗൺസിൽ പോലെയുള്ളവയിൽ അധ്യാപകർ, വിദ്യർഥികൾ, നോൺ ടീച്ചിംഗ് സ്റ്റാഫ് തുടങ്ങിയവരുടെ പ്രാതിനിധ്യമില്ല. വി.സി.യുടെ നോമിനേഷൻ മാത്രമാണ് മാനദണ്ഡം. കേന്ദ്രത്തിലേയും സംസ്ഥാനത്തിലേയും ആർ.എസ്.എകളുടെ നോമിനേഷനിലൂടെയാണ് ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

ചുരുക്കത്തിൽ ഏറെ മാനങ്ങളുള്ളതാണ് പുതിയ വിദ്യാഭ്യാസ നയരേഖ. രാഷ്ട്രീയാധികാരവും വിദ്യാഭ്യാസവും സവർണർക്കും സമ്പന്നർക്കും എന്നെന്നും മേൽക്കോയ്മയുള്ളതാവണമെന്ന ഭരണകക്ഷിയുടെ വീക്ഷണമാണ് ഇതിൽ പ്രതിഫലിച്ചുകാണുന്നത്. രാജ്യത്തെ ബഹു ഭൂരിപക്ഷം വരുന്ന ദലിതർ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ വിദ്യാഭ്യാസപുരോഗതിയെ കുറിച്ചോ, വിദ്യാഭ്യാസ അവകാശങ്ങളെ സംബന്ധിച്ചോ റിപ്പോർട്ട് ഒരക്ഷരം ഉരിയാടിയിട്ടില്ല. ആർ.എസ്.എസ് ഉൾപ്പെടെയുള്ള ഫാഷിസ്റ്റ് കക്ഷികളും സ്വകാര്യ കുത്തക മുതലാളിമാരും മാത്രമാണ് നയരേഖയെ സ്വാഗതം ചെയ്തത് എന്നതിൽനിന്നു തന്നെ ആരുടെ താൽപര്യങ്ങളാണ് ഈ വിദ്യാഭ്യാസ നയത്തിലൂടെ സംരക്ഷിക്കപ്പെടുന്നത് എന്നത് വ്യക്തമാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ അവർ ആ നിലയ്ക്കു തന്നെ അത് ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്.

ജനാധിപത്യ നടപടിക്രമങ്ങൾ പാലിക്കാത്ത, ഫെഡറൽ സംവിധാനത്തിന്റെ കെട്ടുറപ്പിനെ പരിഗണിക്കാത്ത, ധനസമാഹരണത്തെക്കുറിച്ചോ പദ്ധതി നടത്തിപ്പിനെക്കുറിച്ചോ പ്രായോഗിക നിർദേശങ്ങളില്ലാത്ത, രാജ്യത്തെ പിന്നാക്കവിഭാഗങ്ങളെ അവഗണിക്കുന്ന പുതിയ വിദ്യാഭ്യാസനയം നോട്ടുനിരോധനം പോലെത്തന്നെ രാജ്യം ഇതഃപര്യന്തം നേടിയതിനെയെല്ലാം എത്രത്തോളം തകർക്കുമെന്ന് കണ്ടറിയേണ്ടതുണ്ട്.



ലേഖനം

നബീൽ പയ്യോളി
nabeelpayyoly@gmail.com

# ദുരന്തഭൂമിയിലെ മാനവിക മൂല്യങ്ങൾ

പേമാരിയും ഉരുൾപൊട്ടലും വിമാനാപകടവും കൊറോണയുമായി മലയാളികളെ ഉലച്ച ദുരന്തങ്ങൾ ഒന്നിച്ചുവന്ന ദിവസമാണ് കടന്നുപോയത്. മാനവർക്ക് തടുക്കാൻ സാധിക്കാത്ത ദുരന്തങ്ങൾ മനസ്സിനെ വല്ലാതെ തകർത്തു. മനുഷ്യന്റെ ദുർബലതയും നിസ്സഹായതയും ബോധ്യപ്പെടുത്തുന്ന ആവർത്തിച്ചുള്ള ഉണർത്തലുകൾ ലോകനാഥൻ നമ്മുടെ മുന്നിൽ കാണിച്ചുതരികയാണ്. ചിന്തിക്കുന്നവർക്ക് പാഠങ്ങളുണ്ട്. കനത്ത മഴയും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും കേരളത്തിലെ പല ജില്ലകളിലും ദുരിതം വിതച്ചു. നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയിരിക്കുകയാണ്. കോവിഡ് വ്യാപന ഭീതി നിലനിൽക്കുന്ന സാഹചര്യംകൂടി ആയതിനാൽ ഭീതിതമായ മനസ്സുമായാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ പലരും കഴിയുന്നത്. മലയോര ജില്ലകളിലും

താഴ്ന്ന പ്രദേശങ്ങളിലും വെള്ളപ്പൊക്ക ഭീഷണി ഇപ്പോഴും നിലനിൽക്കുകയാണ്. ഒപ്പം കോവിഡ് വ്യാപനം അതിന്റെ ഏറ്റവും രൂക്ഷമായ അവസ്ഥയിലും! കൊറോണ തീർത്ത പ്രതിസന്ധിയിൽ ജീവിതതാളം തെറ്റിനിൽക്കുന്ന സാഹചര്യം കൂടിയായപ്പോൾ ഈ നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ ദുരിത കാലത്തിലൂടെയാണ് മലയാളി കടന്നുപോകുന്നത് എന്നു പറയാം. ഏത് പ്രതിസന്ധിക്കും ഒരു അറുതിയുണ്ടാവും എന്നതാണ് ഇന്നലകളിലെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ആ നിലയിൽ ശുഭപ്രതീക്ഷ കൈവിടാതെ മുന്നോട്ട് പോകാൻ നമുക്ക് സാധിക്കണം; ലോക സ്രഷ്ടാവിലുള്ള വിശ്വാസവും പ്രതീക്ഷയും.

2020 ആഗസ്റ്റിലെ ആദ്യ വെള്ളിയാഴ്ച എന്നും നമ്മുടെ മനസ്സിൽ മായാതെ കിടക്കും. ആ വെള്ളിയാഴ്ച്ച നാം ഉണർന്നത് ഇടുക്കി ജില്ലയിലെ മൂന്നാർ രാജമല പെട്ടിമുടി ദുരന്തവാർത്ത കേട്ടാണ്. ടാറ്റായുടെ തേയിലത്തോട്ടത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾ അന്തിയുറങ്ങിയ ലയങ്ങൾ ഉരുൾപൊട്ടലിൽ മണ്ണിനടിയിലായി. വനത്തിനുള്ളിൽ ഉണ്ടായ ശക്തമായ ഉരുൾപൊട്ടലിനെ തുടർന്ന് വലിയ പാറകളും വെള്ളവും മണ്ണും കുത്തിയൊലിച്ച് ആ താഴ്‌വരയെ മുഴുവൻ തുടച്ചുനീക്കി. ആറ് ലയങ്ങളിലായി ഉണ്ടായിരുന്ന നൂറോളം പേരാണ് ഈ ദുരന്തത്തിനിരയായത്. വ്യാഴാഴ്ച രാത്രി നടന്ന ദുരന്തം പുറംലോകം അറിഞ്ഞത് വെള്ളിയാഴ്ച്ച രാവിലെ ഒൻപത് മണിക്ക് മാത്രമാണ്! പെരിയവര പാലം തകർന്നതും ആകെ ഉണ്ടായിരുന്ന ഒരു മൊബൈൽ ടവർ പ്രവർത്തന രഹിതമായതും പുറംലോകവുമായി ബന്ധപ്പെടാനുള്ള അവരുടെ മാർഗങ്ങൾ അടച്ചു. മൂന്നാറിൽ നിന്നും നാൽപത് കിലോമീറ്ററോളം ചെങ്കുത്തായ മലകൾ താണ്ടി ഓഫ്റോഡ് യാത്ര ചെയ്താൽ മാത്രമെ ദുരന്തഭൂമിയിലേക്ക് എത്താൻ സാധിക്കുകയുള്ളു എന്നത് കൊണ്ടുതന്നെ ദുഷ്കരമായിരുന്നു രക്ഷാപ്രവർത്തനം. ഒപ്പം പ്രതികൂലമായ കാലാവസ്ഥയും.

അതേ വെള്ളിയാഴ്ച സന്ധ്യമയങ്ങുമ്പോൾ മറ്റൊരു ദുരന്തവാർത്തകൂടി നമ്മെ തേടിയെത്തി. ദുബായിൽനിന്നും കോഴിക്കോട്ടേക്ക് പോയ എയർ ഇന്ത്യ വിമാനം അപകടത്തിൽ പെട്ടിരിക്കുന്നു. വന്ദേഭാരത് മിഷന്റെ ഭാഗമായി കോഴിക്കോട്ടേക്ക് 190 യാത്രക്കാരുമായി പറന്ന വിമാനമാണ് അപകടത്തിൽ പെട്ടത്. മൂന്ന് പതിറ്റാണ്ടിലധികം പരിചയ സമ്പത്തുള്ള, എയർ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച വൈമാനികൻ ദീപക് വസന്ത് സാഠേ ആയിരുന്നു പ്രസ്തുത വിമാനത്തിന്റെ പൈലറ്റ്. അദ്ദേഹത്തിന്റെ ശ്രമങ്ങൾ അപകടത്തിന്റെ ആഘാതം കുറക്കാൻ സാധിച്ചു എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. അദ്ദേഹവും സഹപൈലറ്റും ഈ ദുരന്തത്തിൽ മരണമടഞ്ഞു. പതിനേഴ് യാത്രക്കാരുടെ ജീവനും പൊലിഞ്ഞു. നിരവധിപേർ പരുക്കുകളോടെ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. കോവിഡ് പ്രതിസന്ധിയിൽ ജോലി നഷ്ടപ്പെട്ടവരടക്കമുള്ളവർ ആശങ്കയും ആശയുമായി വിമാനം കയറിയപ്പോൾ അറിഞ്ഞില്ല വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ച്. നാടിന്റെ മാനവും മണ്ണും കണ്ട് സന്തോഷത്താൽ മനംനിറഞ്ഞു നിൽക്കുമ്പോഴാണ് പൊടുന്നനെ പ്രതീക്ഷകൾ തകർത്ത് വിമാനം അപകടത്തിൽ പെട്ടത്. വിധിയെ തടുക്കാൻ ആർക്കും സാധിക്കില്ലല്ലോ. ഈ ദുരന്തത്തിന്റെ പേരിൽ ആരെയും പഴിചാരുന്നതിനപ്പുറം കാരണങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയാണ് വേണ്ടത്. സുതാര്യവും സത്യസന്ധവുമായ അന്വേഷണം നടക്കണം.

വിമാനാപകടത്തിൽ ജീവനഷ്ടം കുറച്ചത് രക്ഷാപ്രവർത്തകരുടെ ചടുലനീക്കം തന്നെയാണെന്ന് പറയാതെവയ്യ. കൊറോണയും പ്രതികൂല കാലാവസ്ഥയും മറന്ന് ജീവനുവേണ്ടിയുള്ള സഹജീവികളുടെ തേങ്ങലുകൾക്ക് കാതോർക്കുകയായിരുന്നു നാട്ടുകാർ. അപകട ശബ്ദം കേട്ട് ഓടിയെത്തിയവർ മതിൽകെട്ടുകൾ ചാടിക്കടന്ന് അപകടത്തിൽ പെട്ടവരെ പുറത്തെടുക്കാനും കിട്ടിയ വാഹനങ്ങളിൽ അടുത്തും അകലയുമുള്ള ആശുപത്രികളിലേക്ക് കുതിക്കാനും ആരെയും കാത്തുനിന്നില്ല.

> **മലപ്പുറം വർഗീയമല്ലെന്നും ഒരുകൂട്ടം മനുഷ്യസ്നേഹികളുടെ മണ്ണാണെന്നും കാലം തെളിയിച്ചുകൊണ്ടേയിരിക്കുന്നു. അതെ, സ്വന്തം ജീവൻപോലും പണയംവെച്ച് അന്യന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി കുതിക്കുന്ന മാതൃകാ മനുഷ്യരുടെ നാടാണ് മലപ്പുറം. വർഗീയവിഷം പേറുന്ന മനുഷ്യക്കോലങ്ങൾ മാനുഷിക മൂല്യങ്ങളെ തമസ്കരിക്കുന്ന ആധുനിക കാലത്ത് ഈ ദുരന്തഭൂമി നൽകുന്ന സന്ദേശത്തിന് ഏറെ പ്രസക്തിയുണ്ട്. മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സംസ്കാരത്താൽ സമ്പന്നമാണ് മലപ്പുറവും മലയാളിയും നാളിതുവരെ കൈമുതലാക്കിയതും തലമുറകളായി കൈമാറിയതും.**

കൊറോണ ഭീതി അവരെ അലട്ടിയതേയില്ല! ജീവനു വേണ്ടി കേഴുന്നവരുടെ നിലവിളികളും രണ്ടായിപ്പിളർന്ന വിമാനവും സ്വന്തത്തെ മറക്കാൻതക്ക വണ്ണം ഭീകരമായിരുന്നു. അധികൃതർക്കോ ആംബുലൻസിനോ കാത്തുനിൽക്കാതെ ഒരുപറ്റം സുമനസ്സുകൾ ഈ ദുരന്തഭൂമിയിൽ രക്ഷകരായി മാറി. ഒരു നിമിഷം പോലും വൈകുന്നത് തങ്ങളുടെ സഹോദരങ്ങളുടെ ജീവൻ ഹനിക്കുമോ എന്നവർ ഭയപ്പെട്ടു. നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ കരച്ചിലും ആ ദുരന്തഭൂമിയിലെ തേങ്ങലായി. നിമിഷങ്ങൾക്കുള്ളിൽ പറന്ന വാട്സ്ആപ്പ് സന്ദേശത്തിൽ സഹായഹസ്തങ്ങളുമായി കുതിച്ചെത്തിയ നാട്ടുകാർ ചെറിയ കാറുകളിലടക്കം കിട്ടിയ വാഹനങ്ങളിൽ എല്ലാവർക്കും അടിയന്തിര ചികിത്സ ലഭ്യമാക്കാൻ കുതിച്ചു. കൊണ്ടോട്ടിയിലും കോഴിക്കോട്ടുമുള്ള ആശുപത്രികളിൽ എത്തിച്ചു. പരിക്കേറ്റവർക്ക് രക്തം ആവശ്യമുണ്ടെന്ന സന്ദേശം സാമൂഹ്യ മാധ്യമങ്ങളിൽ പറന്നപ്പോൾ ആശുപത്രികളിലേക്ക് ആളുകളുടെ ഒഴുക്കായിരുന്നു! ഒരാളുടെയെങ്കിലും ജീവന് തുടിപ്പേകാൻ തന്റെ ഇടപെടലുകൾക്ക് സാധ്യമായെങ്കിലെന്ന് ആ നിഷ്കളങ്ക മനസ്സുകൾ ആഗ്രഹിച്ചു. രക്ഷിതാക്കളെ തിരയുന്ന മക്കളുടെ കരച്ചിലടക്കാനും രക്ഷിതാക്കളെ കണ്ടെത്താനും അവർ സഹായിച്ചു. കണ്ണുനീർകടലായി മാറിയ ദുരന്തഭൂമിയിലും ആശുപത്രികളിലും മറ്റിടങ്ങളിലും എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ച മനുഷ്യസ്നേഹികളുടെ സേവനം വിലമതിക്കാനാവാത്തതാണ്. അവരുടെ സമയോചിത ഇടപെടലുകൾ നിരവധി പേർക്ക് ജീവിതപ്രതീക്ഷകളിൽ പുതുനിറം നൽകി. സ്വാർഥത വരിഞ്ഞുമുറുക്കിയ ലോകത്ത് അവർ എന്നും ജ്വലിച്ചു നിൽക്കും. എയർഇന്ത്യ എക്സ്പ്രസ് കമ്പനി ഔദ്യോഗികമായി തന്നെ രക്ഷാപ്രവർത്തകരെ അഭിനന്ദിച്ചു. ഉന്നത മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ആ ജനതക്ക് ഹൃദയത്തിൽ നിന്നുള്ള അഭിവാദ്യം അർപ്പിച്ചു. എയർ ഇന്ത്യയും ആ ജനതക്ക് തങ്ങളുടെ ഔദ്യോഗിക പേജിലൂടെ തന്നെ അഭിവാദ്യങ്ങൾ അർപ്പിച്ചു. ദേശീയ മാധ്യമമായ ടെലിഗ്രാഫ് മുഖപേജിൽ തന്നെ അവരെ അഭിനന്ദിച്ച് വാർത്ത നൽകി.

ഇത് കേവലം ധൈര്യത്തിന്റെ മാത്രം കാര്യമല്ല, മാനവികതയുടെ സ്പർശനമാണ്. മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാനായി സ്വന്തം ജീവൻ പണയം വെച്ച മലപ്പുറത്തുകാർക്ക് ഞങ്ങൾ അഭിവാദ്യമർപ്പിക്കുന്നു-എയർ ഇന്ത്യ എക്സ്പ്രസ് ഫേസ്ബുക്ക് പേജിൽ കുറിച്ചു. ദേശീയ മാധ്യമം ടെലിഗ്രാഫ് ഒന്നാം പേജിൽ തന്നെ അവരെ അഭിനന്ദിച്ച് വാർത്ത നൽകി. മറ്റ് ദേശീയ, അന്തർദേശീയ മാധ്യമങ്ങളും ഭരണകൂടവുമെല്ലാം ഈ സന്മനസ്സുകളുടെ സേവനസന്നദ്ധതയെ പുകഴ്ത്തി; അത് മനുഷ്യർക്ക് മാതൃകയാണെന്ന് ലോകത്തോട് അഭിമാനത്തോടെ പറഞ്ഞു. മനുഷ്യസ്നേഹത്തിന്റെ വറ്റാത്ത ഉറവിടങ്ങളാണവർ.

കോവിഡ് പ്രതിരോധങ്ങളുടെ പേരിൽ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തവർ ക്വാറന്റൈനിലാണ്. അതിൽ അവർക്ക് സന്തോഷമേയുള്ളൂ; അഭിമാനവും. അവർ കാണിച്ച മാതൃകാപരമായ പ്രവർത്തനത്തിനുള്ള ആദരവ് എന്ന നിലയിൽ പല വ്യക്തികളും സംഘടനകളും ക്വാറന്റൈന് ആവശ്യമായ സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ഉണ്ടായി.

യാദൃച്ഛികമായി മലപ്പുറത്താണ് അപകടം നടന്നത് എന്നതുകൊണ്ട് മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമാണെന്നും മൃഗങ്ങൾപോലും ആക്രമിക്കപ്പെടുന്നെന്നും അയൽപ്രദേശങ്ങളിൽ ആന ചെരിഞ്ഞാൽ പോലും മലപ്പുറം മറുപടി പറയണമെന്നും തിട്ടൂരമിറക്കിയവർക്കുള്ള വായടപ്പൻ മറുപടി കൂടിയായി ഈ ദുരന്തഭൂമിയിലെ സന്നദ്ധ സേവനം. മലപ്പുറം വർഗീയമല്ലെന്നും ഒരുകൂട്ടം മനുഷ്യസ്നേഹികളുടെ മണ്ണാണെന്നും കാലം തെളിയിച്ചുകൊണ്ടേയിരിക്കുന്നു. അതെ, സ്വന്തം ജീവൻപോലും പണയംവെച്ച് അന്യന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി കുതിക്കുന്ന മാതൃകാ മനുഷ്യരുടെ നാടാണ് മലപ്പുറം. വർഗീയവിഷം പേറുന്ന മനുഷ്യക്കോലങ്ങൾ മാനുഷിക മൂല്യങ്ങളെ തമസ്കരിക്കുന്ന ആധുനിക കാലത്ത് ഈ ദുരന്തഭൂമി നൽകുന്ന സന്ദേശത്തിന് ഏറെ പ്രസക്തിയുണ്ട്. മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സംസ്കാരത്താൽ സമ്പന്നമാണ് മലപ്പുറവും മലയാളിയും നാളിതുവരെ കൈമുതലാക്കിയതും തലമുറകളായി കൈമാറിയതും. അത് ഇല്ലാതാക്കാൻ കുതന്ത്രങ്ങൾ മെനയുന്നവരുടെ പാഴ്വേലകൾ അവജ്ഞയോടെ അഗണ്യകോടിയിലേക്ക് വലിച്ചെറിയപ്പെടും എന്നതാണ് ആവർത്തിക്കുന്ന ഇത്തരം മാനവിക മൂല്യങ്ങളുടെ പ്രഘോഷണങ്ങൾ തെളിയിക്കുന്നത്.

വിമാനാപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണം. പരിക്കേറ്റവർക്ക് സൗജന്യചികിത്സയും നഷ്ടപരിഹാരവും ലഭ്യമാക്കാനുള്ള നടപടികളും ഉണ്ടാവണം. പത്ത് വർഷം മുൻപ് നടന്ന മംഗലാപുരം വിമാനാപകടത്തിൽ പെട്ടവരുടെ ആശ്രിതർക്ക് ഇപ്പോഴും നഷ്ടപരിഹാരം

പൂർണമായും ലഭിച്ചിട്ടില്ലെന്ന വാർത്തകൾ ആശങ്കാജനകമാണ്. പ്രഖ്യാപനങ്ങൾക്കപ്പുറം ചുവപ്പുനാടകളിൽ കെട്ടിക്കുടുങ്ങി പാവങ്ങളെ ഇനിയും ദുരിതത്തിലേക്ക് തള്ളിവിടരുത് എന്ന് അധികാരികളോട് അഭ്യർഥിക്കുന്നു. ജനപ്രതിനിധികളും ഈ കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തണം. അതോടൊപ്പം വിമാനാപകടത്തിന്റെ കാരണങ്ങൾ കണ്ടെത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾ തയ്യാറാവണം. മലബാറിലെ വലിയൊരു വിഭാഗം ആശ്രയിക്കുന്ന കാലിക്കറ്റ് എയർപോർട്ടിനെ ഇല്ലാതാക്കാനുള്ള ചരടുവലികൾ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിനെ ശക്തമായ സമരങ്ങളിലൂടെയും രാഷ്ട്രീയ ഇടപെടലിലൂടെയുമാണ് ചെറുത്തുതോൽപിച്ചത്. ഈ അപകടത്തെ ആ നിലയിൽ ദുരുപയോഗം ചെയ്യാനുള്ള ശ്രമങ്ങൾ നടക്കുന്നു എന്നാണ് ടേബിൾ ടോപ്പ് അടക്കമുള്ള വിഷയങ്ങൾ എടുത്തുകാട്ടി തൽപര കക്ഷികൾ നടത്തുന്നത്. ഇത്തരം കുതന്ത്രക്കാരുടെ അജണ്ടകൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്.



രാജമല പെട്ടിമുടി ദുരന്തഭൂമിയിലും നിസ്വാർഥരായ മനുഷ്യസ്നേഹികൾ നടത്തിയ ഇടപെടലുകൾ ശ്ലാഘനീയമാണ്. രക്ഷാപ്രവർത്തനങ്ങളിൽ പ്രതികൂല കാലാവസ്ഥയിലും അവർ തങ്ങളാൽ കഴിയുന്ന സേവനങ്ങൾ ചെയ്തു. ഈ ദുരന്തത്തിൽ ഇരയായവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തയ്യാറാവണം. അതോടൊപ്പം ഈ ലയങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ കൂടി ഉണ്ടാവണം. പ്രകൃതിദുരന്ത സാധ്യതയുള്ള മേഖലകളിലുള്ളവർക്ക് സുരക്ഷിത ഇടങ്ങളിൽ താമസിക്കാൻ ആവശ്യമായ സഹായങ്ങളും പദ്ധതികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം എന്ന മുറവിളി ഓരോ ദുരന്തകാലത്തും ഉയരുന്നുവെങ്കിലും അതെല്ലാം വിസ്മരിക്കപ്പെടുകയാണ് പതിവ്. ഈ ദുരന്തമെങ്കിലും അധികാരികളുടെ കണ്ണുതുറപ്പിക്കും എന്ന് കരുതാം. തോട്ടം മേഖലയിൽ അടക്കം ജോലി ചെയ്യുന്ന തൊഴിലാളികൾ മിക്കവരും താഴ്ന്ന ജീവിത നിലവാരം പുലർത്തുന്നവരും അവഗണന നേരിടുന്നവരുമാണ്. അവരുടെ ജീവിത വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ആവശ്യമായ പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്. വർഷങ്ങളായി ഭരണകൂടങ്ങളാൽ അവഗണിക്കപ്പെടുന്ന ഇത്തരം പാവങ്ങളുടെ കണ്ണുനീരിന് ഇനിയെങ്കിലും അറുതിയുണ്ടാവണം. മുതലാളിമാർ അംബരചുംബികളായ ഭവനങ്ങളിലും ആഡംബര സൗകര്യങ്ങളിലും അഭിരമിക്കുമ്പോൾ അതിന് കാരണക്കാരായ പാവങ്ങളെ മറക്കുകയാണ്. എന്തൊരു ക്രൂരത! ഇത്തരുണത്തിൽ ഒരു പ്രവാചക വചനം ശ്രദ്ധേയമാണ്:

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങളുടെ തൊഴിലാളികൾ (ഭൃത്യന്മാർ) അല്ലാഹു നിങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്ന നിങ്ങളുടെ സഹോദരന്മാരാണ്. ആരുടെയെങ്കിലും നിയന്ത്രണത്തിൽ വല്ല സഹോദരനുമുണ്ടെങ്കിൽ താൻ തിന്നുന്ന അതേ ആഹാരം അവനെയും ആഹരിപ്പിക്കണം. താൻ ധരിക്കുന്ന അതേ വസ്ത്രം അവനെയും ധരിപ്പിക്കണം. അവരുടെ കഴിവിൽ കവിഞ്ഞ ജോലി അവരെ ഏൽപിക്കരുത്. ഇനി ഏൽപിച്ചാലോ അവരെ അതിൽ സഹായിക്കുകയും വേണം" (ബുഖാരി).

തന്റെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മാന്യമായ വേതന, താമസ സൗകര്യങ്ങൾ ഉറപ്പു വരുത്തുക എന്നത് മാനവിക മൂല്യങ്ങളുടെ ഭാഗമാണ് എന്ന് തിരിച്ചറിയുമ്പോഴേ ഇത്തരം അവഗണിക്കപ്പെടുന്ന ആയിരങ്ങളുടെ ദുരിതങ്ങൾക്ക് അറുതിയാവൂ. തൊഴിലാളിക്ഷേമം ഉറപ്പുവരുത്തേണ്ട സംഘടനകളും സർക്കാർ സംവിധാനങ്ങളും കാണിക്കുന്ന കുറ്റകരമായ അനാസ്ഥയുടെ ഇരകൾ കൂടിയാണ് ആ പാവങ്ങൾ. നമുക്ക് ഇനിയെങ്കിലും മനുഷ്യരാവാം. സ്നേഹവും കാരുണ്യവും അനുകമ്പയും സഹാനുഭൂതിയും ചാലിച്ച മാനവിക മൂല്യങ്ങളുടെ ജീവിക്കുന്ന പതിപ്പുകളാവാം.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# ആശങ്കയുണർത്തി ആഗസ്റ്റ് വീണ്ടും

രണ്ടുകൊല്ലം മുമ്പാണ് ഒരു ആഗസ്റ്റിൽ പ്രളയം നാശംവിതച്ചത്. അതിലേറെ ഭീതി പരത്തിയത്. അതിജീവനത്തിന്റെ പൊരുളുകൾ നമ്മെ ഓർമിപ്പിച്ചത്. സാധാരണക്കാർ കൈമെയ് മറന്ന് രക്ഷാപ്രവർത്തന രംഗത്ത് മുൻനിര പോരാളികളായത്. സമൂഹത്തിന്റെ ആദരവ് മനം നിറയെ നേടിയത്. തൊട്ടടുത്ത കൊല്ലവും പ്രളയമെത്തി. കൂടുതൽ പ്രദേശത്ത്, കൂടുതൽ വീറോടെ... കഴിഞ്ഞ ദുരിതത്തിൽ നിന്ന് ഉൾക്കൊണ്ട പാഠങ്ങൾ കൂടി ഉരുക്കഴിച്ച് ആ കൊല്ലവും എങ്ങനെയൊക്കെയോ തള്ളിനീക്കി.

പുഴയോരവും മലഞ്ചെരിവുകളും താഴ്വാരങ്ങളും നമുക്ക് പാർക്കാൻ ഇഷ്ടപ്പെട്ട ഇടങ്ങളായിരുന്നു. അവിടങ്ങളിൽ രാപാർക്കാനും ആസ്വദിക്കാനും നമ്മൾ സന്ദർശക വേഷത്തിലും എത്തിയിരുന്നു. എന്നാൽ കുന്നും പുഴയും ഇന്ന് നമ്മെ പേടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. അസമയത്ത് പെയ്തേക്കാവുന്ന പെരുമഴയോ കുത്തിയൊലിച്ച് ഭൂമി കീഴ്മേൽ മറിക്കാവുന്ന ഉരുൾപൊട്ടലോ നമ്മെ പേടിപ്പിക്കുന്നു.

തലേ കൊല്ലങ്ങളിലേത് പോലെ ഭീതിജനകമാവില്ല എന്ന് ശാസ്ത്രലോകം കണക്ക് കൂട്ടിയിരുന്നെങ്കിലും ഇക്കൊല്ലവും പെരുമഴയും പ്രളയവും നമ്മെ വീണ്ടും തേടിയെത്തിയിരിക്കുകയാണ്. ഇതുവരെ പഠിക്കാത്ത പലതും നാം അറിയേണ്ടിയിരിക്കുന്നു. ശാസ്ത്ര പ്രവചനകളിൽ ഇടംപിടിക്കാത്ത ഇടങ്ങളിലുമുണ്ട് ഇത്തവണ മണ്ണിടിയലും ഉരുൾപൊട്ടലും. കഴിഞ്ഞ കൊല്ലങ്ങളിൽ ഇടിഞ്ഞ് ഇടങ്ങളിൽനിന്ന് ജനങ്ങളെ മാറ്റി സുരക്ഷിതത്വം പ്രതീക്ഷിച്ച കരുതലിനെ മറികടന്നാണ് ഇത്തവണ നാശം.

തൊഴിൽ നഷ്ടപ്പെട്ടവരും നാട്ടിലേക്ക് മടങ്ങാൻ മുമ്പ് അവസരം കിട്ടാത്തവരും അടക്കം ഇരുനൂറോളം പേരാണ് വിമാനാപകടത്താൽ പരീക്ഷിക്കപ്പെട്ടത്. പലർക്കും മരണവും പരിക്കും നഷ്ടവും ഏറ്റത്. കൊറോണ ആറു മാസമായി പരീക്ഷിച്ച ആളുകൾ കൂടിയാണ് അവരും കുടുംബവും നമ്മളും. കരിപ്പൂരിലൂടെ മലപ്പുറത്തിന്റെ സ്നേഹവും ജീവൻ മറന്ന സഹായമനഃസ്ഥിതിയും വീണ്ടും ചർച്ച ചെയ്യപ്പെടുന്നു. പാലക്കാട് ആന ചെരിഞ്ഞത് മലപ്പുറത്തിന്റെ 'ക്രൂരത'യുടെ കണക്കുപുസ്തകത്തിൽ എഴുതിച്ചേർത്തവരുടെ പിന്മുറക്കാരിൽ ചിലർ ഇത്തവണയും സജീവം. ആനയെയും മന്ദിരത്തെയും ചേർത്തുപിടിച്ച് തിരിച്ചടി എന്നൊക്കെ സമൂഹമാധ്യമങ്ങളുടെ ഒളിയിടങ്ങളിൽ ഇരുന്ന് അവർ ആശ്വാസം കൊള്ളുന്നുണ്ട്. മരിച്ചവരുടെ മതം നോക്കി തൃപ്തിപ്പെടുന്നുമുണ്ട്. കഷ്ടപ്പാടുകളിൽ മതം നോക്കാതെ സഹായഹസ്തം നീട്ടുന്നവരാണ് സഹൃദയർ എന്ന് അറിയാത്തവരല്ല അക്കൂട്ടർ.

ഒരു വിമാനം എന്നത് ചില്ലറ കണ്ടുപിടുത്തമല്ല. നൂറുകണക്കിന് ആളുകളെയുംകൊണ്ട് പക്ഷിയെപ്പോലെ മാനത്ത് പറക്കുന്ന ഒരത്ഭുതം! അതിസങ്കീർണമായ സംവിധാനങ്ങൾ അതിന് പിന്നിലുണ്ട്. കൊല്ലങ്ങൾ നീണ്ട കഠിന പഠനംകൊണ്ടാണ് അതിനെ വൈമാനികർ പറത്തുന്നത്. പറന്നിറങ്ങി നിലംതൊടാൻ ഒരുപാട് പേരുടെയും യന്ത്രങ്ങളുടെയും സഹായം ഉണ്ട്.

ശാസ്ത്ര, സാങ്കേതികവിദ്യ എത്രയോ പുരോഗതി പ്രാപിച്ചിരിക്കുന്നു. മഴ, കാറ്റ്, ഇടി, മിന്നൽ, പ്രളയം എന്നിവയുടെ നേരവും തോതും അളവും മുൻകൂട്ടി പ്രവചിക്കുന്നു. തദനുസൃതമായി മുന്നൊരുക്കങ്ങളും ജാഗ്രതാ നിർദേശങ്ങളും വീട് ഒഴിപ്പിക്കലും യഥാസമയം നടക്കുന്നു. അറിവും ആളും സാങ്കേതികവിദ്യയും അളവിലേറെ ഉണ്ടെങ്കിലും ചിലവേള നമ്മുടെ കണക്ക് കൂട്ടലുകൾ തെറ്റുന്നു. നാശനഷ്ടങ്ങളും ആളപായങ്ങളും ഉണ്ടാകുന്നു. മനുഷ്യന്റെ പരിമിത അറിവിനും കഴിവിനും അപ്പുറത്ത് ഒരു മഹാശക്തിയുടെ സാന്നിധ്യവും ഇടപെടലുമാണ് നമ്മെയിത് ബോധ്യപ്പെടുത്തേണ്ടത്.

അനുദിനം ഓൺലൈനായി മാറിക്കൊണ്ടിരിക്കുന്ന ജീവിതത്തിൽ ജൂലൈ അവസാനവും ആഗസ്റ്റ് ആദ്യവും കുറെ പേർ രാപകലുകളിൽ ദൃശ്യമാധ്യമങ്ങളുടെയും മറ്റും മുന്നിലായിരുന്നു. കോവിഡ് കാലത്ത് ഏതാനും പേർ മാത്രം പങ്കെടുത്ത ഹജ്ജ് കർമം കാണാനായിരുന്നു അത്. അക്കൂട്ടത്തിൽ ഹജ്ജിന് അവസരം ലഭിച്ച്, പരിശീലനക്ലാസ്സുകളിൽ പങ്കെടുത്ത് പഠിച്ച്, പണമടച്ച് കാത്തിരിക്കുന്നവരും ഉണ്ടായിരുന്നു. നോവൽ കൊറോണ വൈറസ് അവരുടെ ജീവിത സ്വപ്നം കെടുത്തിക്കളഞ്ഞു. അടുത്ത കൊല്ലം ജീവിച്ചിരിക്കുമോ, അവസരം കിട്ടുമോ എന്നൊന്നും പ്രവചിക്കാൻ ഒരു ശാസ്ത്രവും ഇതുവരെ വളർന്നിട്ടില്ലല്ലോ. കൂടുതൽ പരീക്ഷണങ്ങളാൽ പ്രയാസപ്പെടുത്താതെ ഞങ്ങളെ കാക്കണേ എന്ന് സർവലോക രക്ഷിതാവിനോട് പ്രാർഥിക്കുകയല്ലാതെ നമുക്കെന്ത് ചെയ്യാനാവും!




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 185

**ഒന്നാം സമ്മാനം:**
Abdul Muthalib, Thuppanad, Karimba, Palakkad

**രണ്ടാം സമ്മാനം:**
Ayishu K, Feroke Chungam, Kozhikode

**മൂന്നാം സമ്മാനം:**
Ayoobkhan H, Makkannoor, Kunnicode, Kollam

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
2020 AUGUST 15

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**

**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**

**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

**കൂടാതെ ശരിയുത്തരമയക്കുന്ന**

**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ശനിയാഴ്ച 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**